നിയമസഭയേയും നിയമനിർമ്മാണ നടപടികളേയും വളരെ ഗൗരവമായി എടുക്കണം. നിയമം പാസ്സാക്കിയെടുത്താൽ അത് ഗൗരവപൂർവ്വം നടപ്പിലാക്കാൻ കഴിയണം. അതുകൊണ്ടാണ് പറഞ്ഞത്; ഇത് നിങ്ങൾ ഗൗരവമായി എടുക്കുന്നില്ലെന്ന്. ഇത് വളരെ ഗൗരവമായി എടുത്തിരുന്നെങ്കിൽ ഈ ഭേദഗതിക്ക് നിങ്ങൾ മാറ്റം വരുത്തുമായിരുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ സഭയോടുള്ള ആദരക്കുറവുകൊണ്ടല്ല അങ്ങനെ സംഭവിച്ചത്. ഈ സഭയോട് യാതൊരു ബഹുമാനക്കുറവുമില്ല. ശ്രദ്ധക്ഷണികേൽ കഴിഞ്ഞ്, സമയം വളരെ താമസിച്ചാണ് നമ്മൾ ബില്ലിന്റെ ചർച്ചയിലേക്ക് കടന്നത്. പത്തുണ്ടു മണിക്ക് ആണ് സമയം ഫിക്സ് ചെയ്തിരുന്നത്. ഒന്നുരണ്ടു മിനിട്ടിന്റെ കുറവുകൊണ്ടുണ്ടായ ബുദ്ധിമുട്ടാണ്. ഞങ്ങളുടെ ഭാഗത്തു നിന്നു തെറ്റുണ്ടായിട്ടുണ്ടെന്ന് ഞങ്ങൾ സമ്മതിക്കുന്നു. ഇതിനെ ഗൗരവമായി എടുക്കാത്തതുകൊണ്ടല്ല. ഈ സഭയെയും ഞങ്ങൾ വളരെ ഗൗരവമായിത്തന്നെ എടുക്കുന്നു. ഒരു ഒഫിഷ്യൽ ഫങ്ഷനുണ്ടായിരുന്നതുകൊണ്ട് അങ്ങനെ പോയിട്ട് ഇതിനുമുമ്പ് വരാമെന്നു കരുതിയിരുന്നു. ഏതായാലും ഇക്കാര്യം മനഃപൂർവ്വം ഈ സഭയെ അവഹേളിക്കാൻ വേണ്ടി ചെയ്തതല്ല. ഇത് സാധാരണ പറ്റാറുള്ള ഒരു തെറ്റാണ്. കുറെക്കൂടി കെയർഫുൾ ആയിരിക്കണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. .....ബഹളം.....

ഇന്നത്തെ നിയമപ്രകാരം കളക്ടറാണ് ഡിസിഷനെടുക്കുന്നത്. കളക്ടർ ഡിസിഷനെടുത്തുകഴിഞ്ഞാൽ അത് ഫൈനലല്ല എന്നുള്ള പൊസിഷനാണ്. കളക്ടർക്ക് ഡിസിഷനെടുക്കുവാനുള്ള അധികാരം എടുത്തു കളഞ്ഞിട്ടില്ല. Collector can take dicission അതാണ് പറഞ്ഞത്, ഇനി ഇത് പ്രാവർത്തികമാക്കുന്ന അവസരത്തിൽ അതിന്റെ പ്രായോഗികമായ ബുദ്ധിമുട്ടുകളും മനസ്സിലാക്കിക്കൊണ്ട് ആവശ്യമായ നടപടികളെടുക്കുന്നതാണ് എന്ന്.

1986 ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ സഭ പാസ്സാക്കി.

(2) 1986-ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി) ബിൽ

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1986-ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ : ഈ ഭേദഗതി കൊണ്ടുവന്നതിന്റെ പ്രധാന ഉദ്ദേശം കാപ്പികൃഷിക്കാരെ സഹായിക്കുക എന്നതാണ്. ഇത് ഗവൺമെന്റിന്റെ ആത്മാർത്ഥതയെയാണ് കാണിക്കുന്നത്. 1-4-1984-നുമുമ്പ് സെയിൽസ്പോയിന്റിൽതന്നെ കൃഷിക്കാരിൽനിന്ന് നികുതി ചുമത്തപ്പെടുന്ന ഒരു ഉൽപ്പന്നമായിരുന്നു ഇത്. അതുകൊണ്ട് കാപ്പിക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെയധികം ബുദ്ധിമുട്ടുകൾ ഇക്കാര്യത്തിൽ ഉണ്ടെന്ന് നിരവധി നിവേദനങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരികയുണ്ടായി. അതുകൊണ്ട് ഉൽപ്പാദകരിൽ നിന്ന് നികുതി പിരിക്കുന്നതിനു പകരം പർച്ചേസ് പോയിന്റിൽ വച്ച് തന്നെ നികുതി ഈടാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനമുണ്ട്. കോഫി ബോർഡിന് നികുതി ബാദ്ധ്യതയുണ്ടാകുന്ന പക്ഷം കർഷകർക്ക് നികുതി കുറയുകയും നികുതി പിരിവ് കൂടുതൽ സുഗമമാകുകയും ചെയ്യുമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ഒരു ഓർഡിനൻസ് കൊണ്ടുവന്നത്. ഈ ഓർഡിനൻസ് കൊണ്ടു വരാനുള്ള പ്രധാനകാരണം കോഫിബോർഡിന് സെയിൽസ് നടക്കാത്ത ഏകദേശം ഏഴുകോടി രൂപയോളം വരുന്ന സ്റ്റോക്ക് അവിടെയുണ്ടായിരുന്നുവെന്ന് പരിശോധനയിൽ മനസ്സിലായതാണ്. ആ സ്റ്റോക്കിന് വീണ്ടും പർച്ചേസ് ടാക്സ് ഈടാക്കുന്നില്ലെങ്കിൽ ഗവൺമെന്റിന് ഭീമമായ നഷ്ടമുണ്ടാകുമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ ഒരു ഓർഡിനൻസ് കൊണ്ടുവരാനും ബില്ലാക്കാനും ഇടയായത്. അതുകൊണ്ട് ഇത് സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : Sir, I move that, the Kerala General Sales Tax (Amendment) Bill, 1986 as reported by the Subject Committee be recommitted to the same Subject Committee. ഇതിൽ കോഫിയുടെ കാര്യം മാത്രമാണ് അടിയന്തിരമായി ഇങ്ങനെ ഒരു ഭേദഗതി ബിൽ കൊണ്ടു വരുന്നതിന് പ്രേരണ നൽകിയതെന്ന് ഇവിടെ പറഞ്ഞു. ഇങ്ങനെയൊരു നിയമത്തിൽ ഈ ഭേദഗതിയുടെ ആവശ്യമുണ്ടെന്ന് മനസ്സിലാക്കുന്നതിന് മുമ്പ് ഗവൺമെന്റ് പറഞ്ഞിരുന്നത് കോഫിക്കും കൂടി ടാക്സ് വ്യാപകമാക്കുകയാണെങ്കിൽ ഒരു കോടി രൂപയുടെ ആദായം ഉണ്ടാകുമെന്നാണ്. അത് അന്നത്തെ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണി പറഞ്ഞതാണ്. അത് നടപ്പാക്കുന്നതിന് നിയമഭേദഗതി തന്നെ പാസ്സാക്കണമെന്നുള്ള അഭിപ്രായം വന്നത് അതിനു ശേഷമാണ്. ഈ ബിൽ അവതരിപ്പിച്ച സമയത്ത് ധനകാര്യമന്ത്രി പറഞ്ഞു, ഒരു കോടി രൂപയല്ല മൂന്നു കോടി രൂപയുടെ പ്രയോജനം കിട്ടുമെന്ന്. ഈ വർഷം സർക്കാരിന് കമ്മിയുണ്ടായിരിക്കും. കമ്മി ഒഴിവാക്കാൻ വളരെ പണിപ്പെട്ട് ശ്രമിക്കുകയാണ് എന്നൊക്കെ ധനകാര്യ വകുപ്പുമന്ത്രി പറയുന്നു. ഇന്നത്തെ സാമ്പത്തിക ഞെരുക്കത്തിന്റെ പരിത:സ്ഥിതിയിൽ മൂന്നു കോടി രൂപ കൂടുതൽ കിട്ടുകയാണെങ്കിൽ വളരെ നല്ലതാണ്. പക്ഷെ പ്രശ്നം, ഈ ഭേദഗതി നിയമത്തിൽ കൊണ്ടുവന്നു നടപ്പാക്കി പർച്ചേസ് പോയിന്റിൽ ഈടാക്കാൻ ശ്രമിക്കുക എന്നതിനെക്കാൾ കൂടുതൽ ഇത് എങ്ങനെ നടപ്പാക്കുമെന്നതാണ്. നടപ്പാക്കുന്നതിന് നല്ല പരിത:സ്ഥിതിയല്ല ഇപ്പോഴുള്ളത് മുൻ ധനകാര്യ മന്ത്രി ശ്രീ. കെ. എം. മാണി കൂടെക്കൂടെ ഈ സഭയിൽത്തന്നെ പറയുമായിരുന്നു, ഏറ്റവും വലിയ വരുമാന മാർഗ്ഗമായ സെയിൽസ് ടാക്സിന്റെ സാദ്ധ്യത വളരെ കൂടിക്കൂടി വരികയാണ് എന്ന്. അതുമാത്രമല്ല വളരെ ഭംഗിയായി സെയിൽസ് ടാക്സ് പിരിച്ചെടുക്കുന്നുണ്ടെന്നും അങ്ങനെ റിക്കാർഡായിട്ടുള്ള പിരിച്ചെടുക്കൽ കഴിഞ്ഞ കാലങ്ങളിൽ കഴിഞ്ഞു എന്നും പറയുമായിരുന്നു. ഫലത്തിൽ അങ്ങനെയല്ല എന്നാണ് വസ്തുതകൾ കാണിക്കുന്നത്. വാസ്തവത്തിൽ പല അവസരങ്ങളിലും ഇക്കാര്യം വാദപ്രതിവാദവിഷയമായിട്ടുണ്ട്. പല അവസരങ്ങളിലും നമ്മുടെ ഏറ്റവും വലിയ വരുമാനമാർഗ്ഗമായ സെയിൽസ് ടാക്സ് ബഡ്ജറ്റ് എസ്റ്റിമേറിനെക്കാളും റിവൈസ്ഡ് എസ്റ്റിമേറിനേക്കാളും കൂടുതലായി പിരിക്കാൻ കഴിഞ്ഞിരിക്കുന്നു എന്നത് വളരെ നല്ല അഭിമാനമായി അവകാശപ്പെടുമായിരുന്നു. പക്ഷെ നേരെ മറിച്ചാണ് സത്യം. ബഡ്ജറിലും

LIBRARY ARCHIVES Kerala Legislative Assembly

റിവൈസ്ഡ് ബഡ്ജറിൽപ്പോലും വരുമാന സാദ്ധ്യത അണ്ടർ എസ്റ്റിമേറ്റ് ചെയ്യുന്നു എന്നതാണ് സത്യം. വളരെയേറെ സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്ന ഒരു സ്ഥിതിയിൽ എങ്ങനെയാണ് അണ്ടർ എസ്റ്റിമേഷൻ വരുന്നത് ? യാദൃശ്ചികമായി കണക്കുകൂട്ടുന്നത്, ഇത്രയും വലിയ ബോയൻസി ഉണ്ടെന്ന് കാണാൻ കഴിയാത്തതു യാദൃശ്ചികമാണെന്നു പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമാണ്.

യഥാർത്ഥസ്ഥിതി അക്കൗണ്ടൻറ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ട് പരിശോധിച്ചാൽ കാണാൻ കഴിയും. നമ്മെ ബഡ്ജറിൽ ടാർജറ്റ് ചെയ്യുന്ന തുകയെ പിരിച്ചെടുക്കുന്ന കാര്യത്തിൽ വരുത്തുന്ന വീഴ്ച വളരെ ഗൗരവമായി കാണേണ്ടതാണ്. കഴിഞ്ഞ കൊല്ലങ്ങളിൽ നമുക്ക് ഏറ്റവും ഒടുവിൽ കിട്ടിയിരിക്കുന്ന എ.ജി.-യുടെ കണക്ക് 1984-85-ലേതാണ്. ആ കണക്കു പ്രകാരമാണെങ്കിൽ ഇതിനെക്കാളെ കൂടുതൽ തുക പിരിച്ചെടുക്കാൻ കഴിയുമായിരുന്നത് അങ്ങനെ കഴിയുമെന്ന് മനസ്സിലാക്കാത്തതിന്റെ കുറവ് എന്നുള്ളതിനെക്കാളെ തികച്ചും വ്യത്യസ്തമായ കാരണത്താലാണ്. പിരിച്ചെടുക്കാൻ കഴിയുമെന്ന് ഗവൺമെന്റിനു ബോദ്ധ്യമുള്ള തുകയെ പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ കൃത്യവിലോപവും വീഴ്ചയും വരുത്തിയ ചിത്രമാണ് എ. ജി. ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. 1983-84-ൽ ടാർജറ്റ് ചെയ്തതിനെക്കാളും 126 കോടി രൂപ പിരിച്ചെടുക്കുന്നതിൽ നമ്മെ വീഴ്ച വരുത്തി. 1983-84-ൽ കൂടിശ്ശിക വന്ന കേസുകളുടെ എണ്ണം 81,212 കേസുകളിലാണെങ്കിൽ (ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിന്റെ അടുത്ത കൊല്ലം) 1984-85-ൽ അത് 93,329 കേസുകളായി വർദ്ധിച്ചു. പലഇനങ്ങളിലായിട്ടാണ് കൂടിയത്. അറിയർ കേസ്, കറണ്ട് കേസ്, റിമാൻഡ് ചെയ്തത്, പല തരത്തിലുള്ള പിരിവിൽ വരുത്തിയ വീഴ്ച—ഇവയിലൊക്കെയായിട്ടാണ് കൂടിയത്. സ്റ്റേ കൊടുത്തത്, അണ്ടർ അസ്സസ് ചെയ്തത്, അസ്സസ്മെൻറ് എസ്കേപ്പ് ചെയ്യുന്നതിന് കക്ഷികളെ അനുവദിച്ചത്. ക്രമവിരുദ്ധമായി എക്സംപ്ഷൻ അനുവദിച്ചത്, ചുമത്തേണ്ടതിൽ നിന്ന് കുറച്ചു നികുതി ചുമത്തിയത്, പീനൽ ഇൻററസ്റ്റ് വസൂലാക്കേണ്ടിടത്ത് അത് ഈടാക്കാതെയിരുന്നത്, ഉദാഹരണത്തിന് ഇൻകറക്ട് റേറ്റ്സ് അപ്പ്രൈ ചെയ്തത് (പത്ത് അപ്പ്രൈ ചെയ്യുന്നതിന് അഞ്ച് അപ്പ്രൈ ചെയ്ത് വരുമാനം കുറച്ചത്) ഇതിന്റെയെല്ലാം ഫലമായിട്ട് വളരെ ഭീമമായിട്ടുള്ളസംഖ്യ കുറവു വന്നിട്ടുണ്ട്. ഈ സർക്കാർ വരുന്നതിനുമുമ്പ് ഉണ്ടായിരുന്ന വർദ്ധനവിന്റെ നിരക്കിൽ നിന്ന്, ഈ സർക്കാർ 1982 മേയ് മാസം അധികാരത്തിൽ വന്നശേഷം, അതിന്റെ പിറെറ കൊല്ലത്തിൽ കുറവു വരുത്തിയതായിട്ടാണ് എ.ജി.യുടെ ആഡിറ്റ് റിപ്പോർട്ടിൽ പറയുന്നത്. ഇങ്ങനെ നോക്കുകയാണെങ്കിൽ പിരിവ് നടത്തുന്ന കാര്യം വളരെ അയഞ്ഞ മട്ടിലാണ്. പിരിച്ചെടുക്കേണ്ടത് മുഴുവൻ പിരിച്ചെടുക്കുവാനുള്ള ശ്രമം നടത്താതെയാണ് ഇത്. ഈ സർക്കാരിന് വരുത്താമായിരുന്ന വരുമാനം കിട്ടാതെ പോയി. ബാദ്ധ്യതയിൽ വലിയ ഉയർച്ചകൾ ഉണ്ടാകുന്നത് കാണാൻ കഴിയാത്തതു കൊണ്ടാണെന്നു പറയണ്ട. കാണണമെന്ന് ആഗ്രഹിക്കാത്തതുകൊണ്ട് കൃത്യമായി കണക്കാക്കാത്തതു കാരണമാണ് ഇങ്ങനെ വന്നത്. കഴിഞ്ഞ മൂന്നു കൊല്ലക്കാലത്തെ ബഡ്ജറ്റ് നോക്കിയാൽ കാണാൻ കഴിയുന്നത്, ഓരോ കൊല്ലവും പിരിക്കാൻ കിട്ടുമായിരുന്ന മുഴുവൽ തുകയും പിരിച്ചെടുക്കുന്നതിൽ ഊന്നൽ കൊടുക്കുന്നതിനു പകരം പല ഇനം സാധനങ്ങളിലും നികുതി നിരക്ക് വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ആറു ശതമാനം എട്ടു ശതമാനമാക്കുക, എട്ടു ശതമാനം പത്തു ശതമാനമാക്കുക, ഇതാണ് ഒരു വഴിക്ക് നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

വിൽപ്പന നികുതിയുടെ പല (നെറ്റ്) ഏതെല്ലാം സാധനങ്ങൾക്ക് ഏർപ്പെടുത്തണമെന്നുള്ള എണ്ണം കൂടിക്കൂടി സാധാരണ മനുഷ്യർ വാങ്ങി ഉപയോഗിക്കുന്ന എല്ലാ സാധനങ്ങൾക്കും നികുതി ചുമത്തുകയാണ് ചെയ്തത്. നികുതിയുടെ തോത് വർദ്ധിപ്പിക്കുക, നികുതി ബാധകമായ ചരക്കുകളുടെ എണ്ണം വർദ്ധിപ്പിക്കുക—ഈ രീതിയിലാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം നടത്തുന്നത്. ചുമത്തിയ നികുതി കൃത്യമായി പിരിച്ചെടുക്കുക, അരിയറായിട്ട് കിടക്കുന്ന വലിയ തുകകൾ എല്ലാം തീർത്ത് പിരിച്ചെടുക്കുന്നതിന് പകരം ഇതിലേക്കാണ് പോയത്. ഇതിന്റെ ഫലമാണ് ഇപ്പോൾ കാണുന്നത്. ബഡ്ജറ്റ് അവതരിപ്പിക്കുന്ന വർഷത്തിൽ വലിയ തുകകൾ പിരിച്ചിരിക്കുന്നുവെന്ന് ഇവിടെ അവകാശപ്പെടാറുണ്ട്. ഞങ്ങൾക്ക് കിട്ടിയ വിവരം അടുത്ത കൊല്ലത്തേക്കുള്ള നികുതി അഡ്വാൻസ് റെമിറൻസായി വാങ്ങിക്കുകയും അത് വരവിൽ ചേർത്ത് കാണിക്കുകയും ചെയ്തുവെന്നതാണ്. അപ്പോൾ അത് അടുത്ത കൊല്ലമല്ലേ കുറയുകയുള്ളൂ. അങ്ങനെ കൃത്രിമമായി കണക്കു കാണിക്കുകയും ഈടാക്കേണ്ടത് ഈടാക്കാതിരിക്കുകയും ചെയ്യുകയെന്നുള്ള നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇതിന്റെ ഫലമായിട്ട് തിരുവനന്തപുരത്തെ കച്ചവടം നാഗർകോവിലിലേക്കും കൊല്ലത്തെ കച്ചവടം ചെങ്കോട്ടയിലേക്കും പാലക്കാട്ടുള്ള കച്ചവടം കോയമ്പത്തൂർക്കും കണ്ണൂരിലുള്ള കച്ചവടം മംഗലാപുരത്തേക്കും മാറിയിരിക്കുകയാണ്. ഇങ്ങനെ കച്ചവടം ഇവിടെ നിന്ന് ഓടി രക്ഷപ്പെടുകയാണ് ചെയ്യുന്നത്. മോട്ടോർ വെഹിക്കിൾസ് ആക്ടിന്റെ കാര്യത്തിൽ ആണെങ്കിൽ ആളുകൾ പോണ്ടിച്ചേരിയിലും മറ്റും പോയി മോട്ടോർ സൈക്കിളുകൾ വാങ്ങിക്കുകയാണ്. അങ്ങനെ കച്ചവടത്തെ ഇവിടെ നിന്ന് ഓടിക്കുന്ന തരത്തിലുള്ള നികുതി ചുമത്തൽ ശ്രമം നടത്തുകയും പിരിച്ചെടുക്കേണ്ടത് മുഴുവൻ പിരിച്ചെടുക്കാതെയുമിരിക്കുന്നു. ഇതാണ് ഈ സർക്കാരിന്റെ നയം. ആ നയത്തിൽ മാറ്റം വരുത്തണം. ആ മാറ്റം വരുത്തുകയാണ് കൂടുതൽ നികുതി ചുമത്തേണ്ടതിനു പകരം അടിയന്തിരമായി ചെയ്യേണ്ടത്. ഇതിനെ സംബന്ധിച്ച് വളരെയധികം പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇവിടെ ഗുലാത്തി കമ്മീഷനെ നിയമിച്ചു. ഗുലാത്തി കമ്മീഷൻ, ഇത് rationalize ചെയ്യാനും ക്രമീകരിക്കാനും യുക്തിസഹമാക്കുന്നതിനും ശുപാർശ ചെയ്തു. യുക്തിസഹമാക്കുമ്പോൾ ചില ഇനങ്ങൾക്ക് നികുതി കൂട്ടേണ്ടതിനു പകരം നികുതി കുറക്കേണ്ടി വരും. ചിലതിന് അഡ്ജസ്റ്റ് ചെയ്യേണ്ടി വരും. എന്നിട്ട് കൂടുതൽ നികുതി പിരിച്ചെടുക്കുന്നതിന് സഹായകമായ നടപടികൾ സ്വീകരിക്കണം. ഗുലാത്തി കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന്റെ കയ്യിൽ കിട്ടിയിട്ട് പത്തു വർഷമായി. അത് കുറേശ്ശേ കുറേശ്ശേ ഭാഗീകമായി നടപ്പിലാക്കുകയാണ്. ഇതുപോലെ ഇനി എത്രയോ കാര്യങ്ങളുണ്ട്. അതെല്ലാം കൂടി ഒന്നിച്ച് കൺസോളിഡേറ്റ് ചെയ്തിട്ട് അതിനെ സംബന്ധിച്ച് കഴിയുന്നത് മുഴുവൻ ചിട്ടയായി, ഫലപ്രദമായി നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നുള്ളതാണ്. ഇപ്പോഴത്തെ പ്രശ്നം. അതിന് ചില പ്രാരംഭ നടപടികൾ എടുക്കേണ്ടതാണ്.

സർ, നമ്മുടെ കേരളത്തിൽ ആകെ 44 ചെക്ക്പോസ്റ്റുകളുണ്ട്. ഇതിൽ നാല് പ്രധാന ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ ശക്തിപ്പെടുത്തിയതിന്റെ ഫലമായിട്ട് ആ ചെക്ക്പോസ്റ്റുകളിലുള്ള ചോർച്ച തടയാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഞാനും അംഗീകരിക്കുന്നുണ്ട്. ഞാൻ അതിൽ സന്തോഷിക്കുന്നയാളാണ്. പക്ഷേ ഇത് നാല് ചെക്ക്പോസ്റ്റുകളിൽ മാത്രം ഒതുക്കിനിർത്താതെ എല്ലാ ചെക്ക്പോസ്റ്റുകൾക്കുമായിക്കൂടേ.

LIBRARY ARCHIVES Kerala Legislative Assembly

സർ, പാലായിൽ ഇപ്പോഴും റെയിഡ് ചെയ്തു. പാലാക്കാരൻ റെയിഡ് കാണുന്നത് ആദ്യമായിട്ടാണ് എന്നാണ് കേട്ടത്. പക്ഷേ പാലായിൽ മാത്രം റെയിഡ് ചെയ്യുന്നതെന്തിനാണ്. കൊല്ലത്തും, ആലപ്പുഴയും, ഹരിപ്പാടും, കായംകുളത്തും ഒക്കെ ആയിക്കൂടേ ? എല്ലായിടത്തും ചെയ്യാം. അത് എന്തുകൊണ്ടാണ് ചെയ്യാത്തത് ? അത് മനസിലാകുന്നില്ല. ഇന്നത്തെ ഈ സെയിൽസ് ടാക്സ് ചെക്കിംഗിന്റേയും പിരിച്ചെടുക്കുന്നതിന്റേയും മെഷിനറി ശക്തിപ്പെടുത്തിയാൽ അതുകൊണ്ട് തന്നെ വലിയ മാറ്റമുണ്ടാകും. പക്ഷേ അത് മാറ്റണമെങ്കിൽ.....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, നികുതി പിരിക്കുന്ന കാര്യത്തിൽ ഒരു പ്രത്യേക പ്രദേശം ഗവൺമെന്റിന്റെ പരിഗണനയിലില്ല. എല്ലാ പ്രദേശത്തും ഒരേ നടപടിയായിരിക്കും ഗവൺമെന്റ് സ്വീകരിക്കുന്നത്. കായംകുളത്താണ് ആദ്യം തുടങ്ങിയത്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : സർ, കായംകുളത്തെ റിപ്പോർട്ട് ഇതുവരെ കിട്ടിയില്ല. അതുപോലെതന്നെ ഇതിൽ ഏറ്റവും പ്രധാനപ്പെട്ട സംഗതി ഇൻറലിജൻസ് ശക്തിപ്പെടുത്തുകയെന്നുള്ളതാണ്. സെയിൽസ് ടാക്സിന്റെ ഇൻറലിജൻസ് വിഭാഗം നാമമാത്രമായിട്ടേയുള്ളൂ. അത് ശക്തിപ്പെടുത്താൻ കഴിയുമോ ? ഈ ചെക്ക്പോസ്റ്റുകളിൽ ഉറക്കം തൂങ്ങുന്ന ഒരു മനുഷ്യൻ അവിടെ ഇരിക്കും, വണ്ടികളും ഇഷ്ടംപോലെ പോവുകയും ചെയ്യും. ഇവിടെ നേരത്തേ പറഞ്ഞതുപോലെ ലോറികളും unload ചെയ്തിട്ട് പിന്നെ load ചെയ്യുന്നത് സാദ്ധ്യമല്ല. അതുകൊണ്ട് ഉള്ള കാശ് കയ്യിൽ വാങ്ങിച്ച് വിട്ടുകൊടുക്കുന്ന ഏർപ്പാടാണ് ഉള്ളത്. ചെക്ക്പോസ്റ്റുകളും വളരെ വിജിലൻറ് ആക്കുകയും, ഇൻറലിജൻസ് ശക്തിപ്പെടുത്തുകയും, ഒരു വിജിലൻസും ഫ്ളൈയിംഗ് സ്കാർഡ് വിഭാഗവും ഉണ്ടെങ്കിൽ അതു ശക്തിപ്പെടുത്തുകയും ഇല്ലെങ്കിൽ ഉണ്ടാക്കുകയും ചെയ്യാൻ സാധിക്കുമോ ? ഈ നാല് ചെക്ക്പോസ്റ്റുകളിലും, വാളയാറിലും, ചെങ്കോട്ടയിലും, കളിയിക്കവിളയിലുമൊക്കെ ചെയ്യുന്നതുപോലെ എല്ലാ ചെക്ക്പോസ്റ്റുകളും ശക്തിപ്പെടുത്താൻ കഴിയുമോ ? ഈ സ്റ്റാഫിനെ സംബന്ധിച്ചിടത്തോളം ചിലത് പറയാനുണ്ട്. നമ്മുടെ റവന്യൂവിൽ ക്രമമായിട്ട് വർദ്ധനവ് വന്നിട്ടുണ്ട്. എന്നാൽ നമ്മുടെ കോസ്റ്റ് ഓഫ് കളക്ഷൻ ശതമാനം കുറഞ്ഞിട്ടേ ഉള്ളൂ. കഴിഞ്ഞകൊല്ലം അതായത് 1983-84-ൽ പിരിവിനു ചെലവ് ആകെയുള്ള സെയിൽസ് ടാക്സ് വരുമാനത്തിന്റെ 1.53 ആയിരുന്നത് അടുത്തകൊല്ലം അതായത് 1984-85-ൽ 1.3 ആയിട്ട് കുറഞ്ഞിരിക്കുകയാണ്. ലാഭം വരുന്നത് നല്ലതാണ്. ചെലവ് ചുരുക്കുന്നതും കോസ്റ്റ് ഓഫ് കളക്ഷൻ കുറഞ്ഞുകിട്ടുന്നതും നല്ലതാണ്. പക്ഷേ അങ്ങനെ കണ്ടാൽ പോരാ എന്നാണ് എന്റെ അഭിപ്രായം. എന്റെ അഭിപ്രായപ്രകാരം ഈ നാന്നൂറുകോടി രൂപയ്ക്കുപകരം അഞ്ഞൂറുകോടി രൂപ പിരിക്കാൻ കഴിയത്തക്കവിധത്തിൽ ആവശ്യമായ ചെലവുകളും ചെയ്യുകയും കൂടുതൽ സ്റ്റാഫിനെ നിയമിക്കുകയും അവർക്കുവേണ്ട സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും ചെയ്താൽ കോസ്റ്റ് ഓഫ് 1.53 ആയിപ്പോയാൽ, അല്ലെങ്കിൽ 1.6 ആയിപ്പോയാൽ എന്താണ്, സംസ്ഥാനത്തിന്റെ വരുമാനം കൂടുകയല്ലേയുള്ളൂ. അത് കൂട്ടണം. രണ്ടാമത് സെയിൽസ് ടാക്സിനെ സംബന്ധിച്ചിടത്തോളം പി. ഡബ്ലിയു. ഡി., എക്സൈസ് തുടങ്ങിയ ചില ഡിപ്പാർട്ടുമെൻറുകളുടെ കൂട്ടത്തിലാണ് ഇപ്പോൾ സെയിൽസ് ടാക്സിനെയും കണക്കാക്കാവുന്നത്. അവരുടെ morale പോയിരിക്കുന്നു. ഭരണകക്ഷികൾക്കുവേണ്ടി പരിവ് നടത്താനുള്ള ഏർപ്പാടായിട്ട് അവരെ ഉപയോഗിച്ച് അവർക്ക് ഈ സംസ്ഥാനത്തിന്റെ വരുമാനമുണ്ടാക്കുന്ന ആളുകളാണ് ഞങ്ങൾ എന്നുള്ള ബോധം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുന്നതിനുപകരം വേറെ ബോധമാണ് ഉണ്ടായിരിക്കുന്നത്. ഇനിയെങ്കിലും അതൊന്ന് നിറുത്തുകയും അവരെ സംബന്ധിച്ചിടത്തോളം ഈ കളക്ഷൻ കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ ഒരു "System of Rewards and Penalties"—കുറ്റം ചെയ്യുന്നവന് ശിക്ഷയും, നല്ലവണ്ണം ജോലിചെയ്യുന്നവന് പ്രോൽസാഹനവും കൊടുക്കുന്നതിനുള്ള സമ്പ്രദായം ഏർപ്പെടുത്തുകയും വേണം. അഴിമതിയെപ്പറ്റി ഇത്രയധികം നാറ്റമുള്ള ഈ സമയത്ത് എത്ര സെയിൽസ് ടാക്സ്കാരെ പിടിച്ചു ? ശിക്ഷണനടപടി യെടുത്തു ? അവർക്ക് ശിക്ഷകം കൊടുത്തു. അതു നോക്കുകയാണെങ്കിൽ അവരെ തുച്ഛമായിട്ട്, നാമമാത്രമായിട്ട് മാത്രമേ ചെയ്യുന്നുള്ളു. റിവാർഡ്സ് അഥവാ ഉണ്ടെങ്കിൽ തന്നെ ആർക്കും കൊടുക്കേണ്ടതില്ല. റിവാർഡ്സ് കൊടുക്കാനുള്ളവർക്ക് റിവാർഡ്സ് കൊടുക്കുകയും, ശിക്ഷിക്കാനുള്ളവരെ ശിക്ഷിക്കുകയും ചെയ്തുകൊണ്ട് ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് മുഖ്യമായ കാര്യം.

സർ, നാലാമത്, മറ്റൊരു കാര്യം പറയാനുള്ളത് നമ്മുടെ സെയിൽസ് ടാക്സിൽ നിന്നാണ് മുഖ്യമായ വരുമാനമെന്നു നമ്മൾ പറയുന്നുണ്ടെങ്കിലും ഓരോ കൊല്ലവും സെൻട്രൽ ബഡ്ജറ് വരുമ്പോൾ, ഫിനാൻസ് ആക്ട് വരുമ്പോൾ നമ്മുടെ വരുമാനമാർഗ്ഗം അടയുകയാണ്. സെൻട്രൽ എക്സൈസ് ഡ്യൂട്ടി കൊണ്ടുവന്നും അഡീഷണൽ എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തിയും നമുക്ക് ഇവിടെ പിരിക്കാൻ വയ്യാത്ത പരിതഃസ്ഥിതി ഉണ്ടാക്കുകയാണ്. ഇതിന് എന്താണ് ഒരു പരിഹാരം ? സംസ്ഥാന ഗവൺമെന്റും കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധങ്ങളേയും സംബന്ധിച്ച് ഉണ്ടാകുന്ന വളരെ വിപുലമായ അടിസ്ഥാനപരമായ ഒരു പ്രശ്നത്തിന് പരിഹാരം ഉണ്ടായാലേ ഇതിന് പരിഹാരം ഉണ്ടാവുകയുള്ളു. നമുക്ക് ഇപ്പോൾ അടിയന്തിരമായി ചെയ്യാൻ കഴിയുന്നത് ഇവിടത്തെ പഴുതുകൾ അടയ്ക്കുകയെന്നുള്ളതാണ്. അടയ്ക്കാൻ തയ്യാറാകുമോ ? അടയ്ക്കാൻ തയ്യാറാകണമെന്നുണ്ടെങ്കിൽ ഈ പറഞ്ഞതുപോലെ സെയിൽസ് ടാക്സിന്റെ കാര്യത്തിൽ ഒരു പുതിയ സമീപനം സ്വീകരിക്കണം. അത് പിരിക്കുന്ന കാര്യത്തിൽ, നാഷണലൈസ് ചെയ്യുന്ന കാര്യത്തിൽ, ഇളവുകൾ കൊടുക്കുന്ന കാര്യത്തിൽ എവിടെയെങ്കിലും പുതിയതായ സംവിധാനങ്ങൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അത് കണ്ടുപിടിക്കുന്ന കാര്യത്തിൽ, അങ്ങനെയൊക്കെ പുനഃപരിശോധന ചെയ്തുകൊണ്ട് അതിന്റെ പ്രവർത്തനം നന്നാക്കുകയും അഴിമതി ഒഴിവാക്കുകയും, ക്രമക്കേടുകൾ ഇവരെക്കൊണ്ട് ചെയ്യിപ്പിക്കാതിരിക്കുകയും അവർക്ക് "Rewards and Penalties" ന്റെ ഒരു സമ്പ്രദായം ഏർപ്പെടുത്തുകയും അവരുടെ സ്റ്റാഫിനെ ശക്തിപ്പെടുത്തുകയും, അങ്ങനെ വിവിധമേഖലകളിൽ ഉള്ള പ്രവർത്തനം മൊത്തത്തിൽ പരിഷ്ക്കരിക്കപ്പെടുന്നതിലൂടെ മാത്രമേ ഈ ആക്ട്കൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം കിട്ടാൻ പോകുന്നുള്ളു. ഇല്ലെങ്കിൽ ഈ പറഞ്ഞ മൂന്ന് കോടി രൂപ എന്നുള്ളത് തന്നെ കടലാസിൽ മാത്രം ഇരിക്കുകയേയുള്ളു, ഈടായി കിട്ടുകയില്ല. Tea-action കേരളത്തിൽ നിന്നുപോയി. ഇതൊന്നും ചോദിക്കാനും പറയാനും ആളില്ല. കൊച്ചിയിൽ നടത്തിക്കൊണ്ടിരുന്ന ഇൻഡ്യയിലെ ഏറ്റവും വലിയ Tea-action ഒരു സുപ്രഭാതത്തിൽ മാറ്റി കോയമ്പത്തൂർ കൊണ്ടുപോയി. അതുപോലെ കോഫിക്ക് അങ്ങനെ എന്തെങ്കിലും സംഭവിക്കാനുള്ള പഴുതുണ്ടോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഉണ്ടെങ്കിൽ അത് മറ്റൊരു ദുരന്തമായിത്തീരും. അങ്ങനെയൊക്കെ വരുന്നതിനു ഇടയാകാത്ത രീതിയിലുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ഇതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്ന് പറഞ്ഞു ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri P. Seethi Haji : Sir, I move that, the Kerala General Sales Tax (Amendment) Bill, 1986 as reported by the Subject Committee be circulated for obtaining public opinion.

സർ, ഈ ബില്ലിൽ ഇത് മാത്രം പോരാ. എല്ലാ സാധനങ്ങൾക്കും ഏകമുഖമാക്കുകയാണെങ്കിൽ നമ്മുടെ രാജ്യത്ത് കൂടുതൽ സെയിൽസ് ടാക്സ് വരുമാനമുണ്ടാകും എന്ന അഭിപ്രായക്കാരനാണ് ഞാൻ. കാരണം ഇന്ന് പല രംഗങ്ങളിലും സെയിൽസ് ടാക്സ് വെട്ടിപ്പിനുള്ള സാഹചര്യം ഈ ബഹു ടാക്സ് കൊണ്ടാണ് നടക്കുന്നതെന്ന് മനസിലാക്കുന്ന ആളാണ് ഞാൻ. പലരും ബില്ലിൽ വില കുറച്ചു ആണ് എഴുതിക്കൊടുക്കുന്നത്. പിന്നീട് സർക്കാരിന് നമ്മുടെ സെയിൽസ് ടാക്സ് നയത്തിന്റെ പരിണത ഫലമായി, ഉദാഹരണത്തിന് ഈ സംസ്ഥാനത്ത് 2,000 മാരുതി കാറുകൾ ഒരു കൊല്ലം വിൽക്കുന്നുണ്ട്, ഒരു നയാപൈസ നമുക്ക് സെയിൽസ് ടാക്സ് ഇല്ല. മാരുതി കമ്പനിയുടെ ബ്രാഞ്ച് മദിരാശിയിലാണ്. ഇവിടെ നിന്ന് ആ കമ്പനിയുടെ പേരിൽ കാറുടമകൾ ഡ്രാഫ്റ്റ് കൊടുക്കുന്നു. നാല് ശതമാനമേ സെയിൽസ് ടാക്സ് ഉള്ളൂ. അത് മുഴുവൻ ഇവിടെ കൊണ്ടുവന്ന് കൊടുക്കുന്നു. ആ നാല് ശതമാനം ഇവിടെയാക്കുകയാണെങ്കിൽ 2,000 മാരുതി കാർ ഒരു കൊല്ലംകൊണ്ടുമാത്രം കൊടുക്കുന്ന ഈ സംസ്ഥാനത്ത് ഒരു കോടി ഉറുപ്പിക ആ വകയിൽ സെയിൽസ് ടാക്സ് കിട്ടുന്നു. അതുപോലെ തന്നെ പോണ്ടിച്ചേരി ലോറിയായാലും, ജീപ്പായാലും കാറായാലും എല്ലാം ഇവിടെ ബുക്ക് ചെയ്തത് ഡെലിവറി അവിടെ കൊടുക്കുന്നു. ഇതിന്റെ പേരിൽ സർക്കാരിന് എത്ര കോടി രൂപ നഷ്ടപ്പെടുന്നു എന്നറിയാമോ ? കഴിഞ്ഞ രണ്ട് മാസം മുമ്പ് ഒരു വലിയ സംഭവമുണ്ടായി. കൽപ്പറ്റയിൽ നിന്ന് മുള്ളുവേലിയിടാൻ വേണ്ടി കരിങ്കല്ലിന്റെ പോസ്റ്റ് കൊണ്ടുവരുമ്പോൾ ഒരു ചെക്ക് പോസ്റ്റിൽ പിടിച്ചുവച്ചു. അതിന് സെയിൽസ് ടാക്സ് കൊടുക്കണമെന്നു പറഞ്ഞു. പാറപൊട്ടിക്കുന്ന പാവപ്പെട്ട ആളുകൾ ഏതോ ഒരു കൃഷിക്കാരനുവേണ്ടി ലോറിയിൽ കൊണ്ടുവന്ന 10 പോസ്റ്റുകളുടെ വാല്യു എന്താണെന്ന് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റ് പറഞ്ഞിട്ടില്ല. ടാക്സ് കൊടുക്കണമെന്നു പറഞ്ഞു. ഇത്തരം ഏർപ്പാടുകൾ നിർത്തി, ആന ചോർന്ന് പോകുന്നത് കാണാതെ കടുകുമണി ചോർന്നുപോകുന്നത് മാത്രം കാണുന്ന ഈ സമ്പ്രദായം നിറുത്തണ . ഈ രാജ്യത്ത് ഏറ്റവും കൂടുതൽ വരുമാനമുള്ളത് സെയിൽസ് ടാക്സിൽ നിന്നാണ്. മറ്റ് സംസ്ഥാനങ്ങളിൽ ഉള്ളതുപോലെ അല്ലെങ്കിൽ നമ്മുടെ തെക്കൻ ജില്ലയിലുള്ള സ്റ്റേറ്റുകളിൽ ഉള്ളതുപോലെ എല്ലാം തന്നെ ഏകീകരിച്ച് ഒരു സെയിൽസ് ടാക്സ് നിയമം കൊണ്ടുവരണം. മദിരാശിയിൽ വേറെ ടാക്സാണ്, പോണ്ടിച്ചേരിയിൽ മറ്റൊന്ന്, കർണ്ണാടകത്തിൽ മറ്റൊന്ന് ആണ്. അതുകൊണ്ട് ഈ സംസ്ഥാനത്ത് കിട്ടുന്ന ഏറ്റവും വലിയ വരുമാന മാർഗ്ഗമായ വലിയ ടേൺ ഓവർ നടക്കുന്ന ഈ മോട്ടോർ വാഹനങ്ങളുടെയൊക്കെയുള്ള സെയിൽസ് ടാക്സുകൾക്ക് ഇങ്ങനെ കൊണ്ടുവരുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതിനെപ്പറ്റി നല്ല ബോദ്ധ്യമുള്ളതാണ്. അതുകൊണ്ട് ചെറിയ ഒരു അമെൻറ്മെൻറ് കൊണ്ടുവന്നാൽ ഈ കുറ്റത്തിന്റെ ബിസിനസ് ഇന്ന് മദിരാശിയിൽ കൊടുത്ത Regional Office കേരളത്തിൽ അനുവദിച്ചാൽ നാല് ശതമാനമേയുള്ളൂവെങ്കിൽ ഒരു കാറിന് ഒരു ലക്ഷം ഉറുപ്പികയാണ്. നാലായിരം ഉറുപ്പികയും അതിന്റെ അഡീഷണൽ സെയിൽസ് ടാക്സും കൂടുമ്പോൾ അഞ്ചായിരത്തോളം ഉറുപ്പിക വരും. അപ്പോൾ രണ്ടായിരം കാറുകൾക്ക് ഒരു കോടി രൂപ സെയിൽസ് ടാക്സ് ഇനത്തിൽ തന്നെ ഈ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന് കിട്ടുന്നതാണ്. ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

ശ്രീ. എം. എം. ഹസ്സൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് പറഞ്ഞതുപോലെ ഗുലാത്തി കമ്മീഷന്റെ നിഗമനങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊണ്ടു വന്നിട്ടുള്ള ഒരു വെറിയ ഭേദഗതിയാണ്. ഗുലാത്തി കമ്മീഷൻ വളരെ സമഗ്രമായ പഠനം നടത്തിയിട്ട് ആ പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകളുടെ പ്രാവർത്തിക രൂപം വളരെ വൈകുന്നത് വാസ്തവത്തിൽ ഈ വിൽപ്പന നികുതിയിലൂടെ നമ്മുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് തീർച്ചയായിട്ടും പ്രതികൂലമായിട്ടാണ് നീങ്ങുന്നത്. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ട അതേ വികാരത്തിൽതന്നെ ഞാനും ആവശ്യപ്പെടുന്നു, ഗുലാത്തി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നമ്മുടെ നികുതി നിർണ്ണയിക്കുന്നതിനുള്ള ഇന്നത്തെ സംവിധാനത്തിൽ സമൂലമായ മാറ്റം വരുത്തണം. ഈ വർഷം നൂറ് കോടി രൂപയാണ് ടാർജറ്റ് ഇട്ടിരിക്കുന്നതെന്നാണ് ഞാൻ മനസിലാക്കുന്നത്. ആറുമാസമേ ആയിട്ടുള്ളൂ. 40 കോടി രൂപ പിരിച്ചു കഴിഞ്ഞു. ശ്രീ. അച്ചടി പ്രഭാകരൻ കൈവയ്ക്കുന്നതെല്ലാം പൊന്നാക്കാൻ കഴിയുന്നു എന്ന് ഇവിടെ പ്രതിപക്ഷത്തുനിന്ന് അദ്ദേഹത്തിന്റെ വൈഭവത്തെ കുറിച്ച് ശ്രീ. വർക്കല രാധാകൃഷ്ണൻ തന്നെ പറഞ്ഞു. ദേശീയ സമ്പാദ്യ പദ്ധതിക്കുവേണ്ടി 100 കോടി രൂപ ടാർജറ്റ് ഇട്ട് പിരിച്ചതുപോലെ സെയിൽസ് ടാക്സിന്റെയും ടാർജറ്റ് അച്ചീവ് ചെയ്യണമെങ്കിൽ, ഇവിടെ ബഹുമാനപ്പെട്ട രണ്ട് മെമ്പർമാർ ചൂണ്ടിക്കാണിച്ചതുപോലെ ചില കാര്യങ്ങൾ കർശനമായി നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഇരുതല മൂർച്ചയുള്ള വാളുപോലെയാണ് സെയിൽസ് ടാക്സ്. അത് കച്ചവടക്കാരേയും ദ്രോഹിക്കരുത്, ഗവൺമെന്റിനേയും ദ്രോഹിക്കരുത്. ആ നിലയിൽ പ്രയോഗിക്കാൻ ഈ സംവിധാനത്തിന് കഴിയണം. നമ്മുടെ രാജ്യത്ത് ചെറുകിട കച്ചവടക്കാരും ഇടത്തരക്കാരായിട്ടുള്ള കച്ചവടക്കാരുമുണ്ട്. അവർ എല്ലാവരും കള്ളൻമാരാണെന്ന് പറയുന്നവരോട് ഞാൻ യോജിക്കുന്നില്ല. രണ്ടുതരം കണക്കുവയ്ക്കുന്ന ആളുകളുണ്ട്. വിൽപ്പന നികുതി ഡിപ്പാർട്ടുമെന്റിനെ കബളിപ്പിക്കുന്നയാളുകളുണ്ട്. ബോധപൂർവ്വമായി അവരുടെ സ്വന്തം താൽപര്യത്തിനുവേണ്ടി ഒരു കണക്ക് സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാരുടെ മുന്നിൽ പ്രദർശിപ്പിക്കും. മറെറാരു കണക്ക് അവരുടെ സ്വന്തം ആവശ്യത്തിനുവേണ്ടി വയ്ക്കും. അത് കർശനമായി തന്നെ തടയുകയും നിയന്ത്രിക്കുകയും വേണം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാരുടെ അസസ്മെന്റുകൾ കാരണം തകർന്നുതരിപ്പണമായിട്ടുള്ള ധാരാളം കച്ചവടക്കാർ ഈ സംസ്ഥാനത്തുണ്ട്. അവരെല്ലാവരും വളരെ സത്യസന്ധൻമാരും വളരെ ആത്മാർത്ഥതയോടുംകൂടി പ്രവർത്തിക്കുന്നവരുമാണെന്നും നമുക്കാർക്കും പറയാൻ സാധിക്കുകയില്ല. അസസ്സ്മെന്റിന്റെ പേരിൽ കച്ചവടക്കാരെ
1 p. m.] ദ്രോഹിക്കരുത് കച്ചവടക്കാർ കാണിക്കുന്ന കള്ളത്തരത്തിനെ ഒരു കാരണവശാലും വച്ചുപൊറുപ്പിക്കാൻ പാടില്ല. ഇതിൽ സമതുലിതമായ ഒരു സമീപനം സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ബഹുമാനപ്പെട്ട കെ. വി. സുരേന്ദ്രനാഥ് ചൂണ്ടിക്കാണിച്ചതുപോലെ നാല് ചെക്ക് പോസ്റ്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ള കർശനമായ നടപടികളുടെ ഫലം ഉണ്ടായിത്തുടങ്ങിയതിന്റെ ഫലമായി മാറ്റുള്ള

LIBRARY ARCHIVES Kerala Legislative Assembly

ചെക്ക് പോസ്റ്റുകളിലേക്കുംകൂടി അത് വ്യാപിപ്പിക്കണം. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പണ്ട് ഏതോ കാലത്തുള്ള കാര്യമാണ്. ഇപ്പോഴത്തെ മന്ത്രി ധനകാര്യ വകുപ്പിന്റെ ചുമതല ഏറെടുത്തതിനുശേഷം ഉദ്യോഗസ്ഥൻമാരുടെ കോൺഫറൻസിൽ വച്ച് ഒരു കാരണവശാലും രാഷ്ട്രീയ ആവശ്യങ്ങൾക്കുവേണ്ടി സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാരെ ഉപയോഗിക്കുകയില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതായിട്ടാണ് ഞാൻ മനസിലാക്കിയത്. അദ്ദേഹം അങ്ങനെ പറഞ്ഞിട്ടുള്ളത് ശരിയാണെങ്കിൽ അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : സർ, മുമ്പ് രാഷ്ട്രീയ ആവശ്യങ്ങൾക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ഉദ്യോഗസ്ഥൻമാരെ ഇങ്ങനെ ഉപയോഗിച്ചിരുന്നു, ഇല്ലേ ?

ശ്രീ. എം. എം. ഹസ്സൻ : 1980-ലെ ഗവൺമെന്റിന്റെ സമയത്ത് ഉപയോഗിച്ചിരുന്നോയെന്ന് എനിക്ക് അറിഞ്ഞുകൂടാ ? ഞാൻ പറഞ്ഞത് മുൻഗവൺമെന്റുകളുടെ കാലത്തുള്ളതാണ്. ബഹുമാനപ്പെട്ട സുരേന്ദ്രനാഥും അതേ പറഞ്ഞുള്ളൂ. മുൻഗവൺമെന്റുകളുടെ കാലത്ത് ഇങ്ങനെ.....

ശ്രീ. കാനം രാജേന്ദ്രൻ : സർ, 1980-ലെ ഗവൺമെന്റിലും 1982-ലെ ഗവൺമെന്റിലുമെല്ലാം ഒരാൾ തന്നെയല്ലേ ? എന്നാൽ പിന്നെ അത് തുറന്നു പറഞ്ഞുകൂടേ ?

ശ്രീ. എം. എം. ഹസ്സൻ : സർ, നായനാർ പറഞ്ഞിട്ട് മാണി സർ ആരെയെങ്കിലും വിളിച്ചു പറഞ്ഞിട്ടുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടെന്നാണ് ഞാൻ പറഞ്ഞത്. നായനാർ ആയിരുന്നല്ലോ അന്ന് മുഖ്യമന്ത്രി ? മാർക്സിസ്റ്റ് പാർട്ടിയുടെ ആവശ്യത്തിനുവേണ്ടി മാണി സർ കാശുപിരിച്ച് കൊടുത്തോയെന്ന് എനിക്ക് അറിഞ്ഞുകൂടാ ?

ശ്രീ. സി. എഫ്. തോമസ് : സർ, ഞാൻ പറയുന്നത് ഒരു കാരണവശാലും നല്ലവണ്ണം അറിയാൻ വയ്യാത്ത ഒരു കാര്യം നിയമസഭയിൽ പറയാൻ പാടില്ലെന്നുള്ളത് ശരിതന്നെയല്ലേ ? ശരിയായിട്ട് അറിയാൻ പാടില്ലാത്ത കാര്യം പറയാതിരിക്കുന്നതല്ലേ ഭംഗി ?

ശ്രീ. എം. എം. ഹസ്സൻ : സർ, എന്നോട് ചോദിച്ചത് മുൻധനകാര്യ വകുപ്പുമന്ത്രിയെക്കുറിച്ചാണ്. മുൻധനകാര്യ വകുപ്പുമന്ത്രിയെക്കുറിച്ചല്ല ഞാൻ ഇവിടെ പറഞ്ഞത്. മുൻഗവൺമെന്റുകളുടെ കാലത്ത് അങ്ങനെ ഉപയോഗിച്ചിട്ടുണ്ടെന്നേ ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് പറഞ്ഞുള്ളൂ. മുൻഗവൺമെന്റുകളുടെ കാലമെന്നു പറഞ്ഞാൽ ഈ ഗവൺമെന്റ് അല്ല സർ. ഈ ഗവൺമെന്റും അങ്ങനെ ഉപയോഗിക്കാൻ പാടില്ലെന്ന് കർശനമായി നിർദ്ദേശങ്ങൾ കൊടുക്കണമെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : സർ, ഞാൻ പറഞ്ഞത് 1982-നുശേഷം അധികാരത്തിൽ വന്ന ഗവൺമെന്റിന്റെ കാലത്ത് പിരിവ് കുത്തനെ കീഴോട്ട് പോകുകയും ഈ സ്റ്റാഫിനെ വേറെ പണപ്പിരിവിനുവേണ്ടി ഉപയോഗിക്കുകയും ചെയ്തു എന്നാണ്.

ശ്രീ. എം. എം. ഹസ്സൻ : സർ, 1982-ലെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ നയം അതാതു കാലത്തുള്ള മന്ത്രിമാർ നടപ്പാക്കുകയാണ്. ഇപ്പോഴത്തെ ധനകാര്യമന്ത്രിയായിരിക്കുന്ന തച്ചടി പ്രഭാകരൻ ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാടോടുകൂടി അതിനു ശക്തമായ നടപടികളും സ്വീകരിക്കണമെന്നാണ് പറയുന്നത്. ഇവിടെ ഈ ടാർജറ്റ് അച്ചീവ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കണം. വിജിലൻസ്

LIBRARY ARCHIVES Kerala Legislative Assembly

സ്കാഡ് ശക്തിപ്പെടുത്തണം. വിൽപ്പന നികുതിയിനത്തിൽ കൂടുതൽ പണം നമുക്കുണ്ടാക്കാൻ കഴിഞ്ഞാൽ നമ്മുടെ വികസന പ്രവർത്തനങ്ങളും മാത്രമല്ല അധാർമ്മികമായി ചില കാര്യങ്ങളിൽ നമുക്ക് കിട്ടുന്ന പണവും വേണമെങ്കിൽ അവസാനിപ്പിക്കാം. മദ്യാസക്തിയൊക്കെ വർദ്ധിപ്പിക്കുന്നതിനെതിരായിട്ട് ഇവിടെ എം. പി. മൻമദൻ സാറും കുമാരപിള്ള സാറുമൊക്കെ ഒറയ്ക്ക് നടക്കുകയാണ്. സർ, അങ്ങയുടെ പാർട്ടിയുടെ യുവാക്കൻമാർ ഇവിടെ പ്രകടനം നടത്തി–മുസ്ലീം യൂത്ത് ലീഗുകാർ. ഇവരെല്ലാം പറയുന്നത് ശരിയാണ്. നമുക്ക് പത്തോ എൺപതോ കോടി രൂപ വേണ്ടെന്നു വയ്ക്കാം; മദ്യനിരോധനം നമുക്ക് ഘട്ടംഘട്ടമായി നാലഞ്ചു കൊല്ലക്കാലംകൊണ്ട് നടപ്പിലാക്കാം. ഇവിടത്തെ ചെത്തുതൊഴിലാളികൾക്ക് പുനരധിവാസത്തിനുള്ള പരിപാടികളുണ്ടാക്കാം. അത് മറ്റു രീതിയിൽ.. .....വലിയ ഒരു കാര്യമാണ് ഞാൻ പറയുന്നത്. ഈ പണം 100 കോടി എന്നുള്ളത് 200 കോടി ആക്കിയതിൽ അതിൽനിന്നൊന്നും നമുക്ക് വരുമാനമൊന്നുമില്ല. അങ്ങനെയുള്ള വരുമാനമൊന്നും വേണ്ടെന്നുവച്ച് ഈ ഗവൺമെൻറിന് സ്വന്തം കാലിൽനിന്നുകൊണ്ട് ആരുടെയും ആശ്രയമില്ലാതെ നമ്മുടെ വികസനം നടത്താം. ജനങ്ങളെ കൂടുതൽ ആരോഗ്യമുള്ളവരായി തീർക്കാം. അതിനുള്ള ശക്തമായ നടപടികളും സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊള്ളുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ നികുതി പിരിക്കുന്നതിനെക്കുറിച്ച് ചില നിർദ്ദേശങ്ങളും വയ്ക്കുകയുണ്ടായി. ആദ്യമായി ബഹുമാനപ്പെട്ട കെ. വി. സുരേന്ദ്രനാഥിന്റെ പ്രസംഗത്തിൽ പറഞ്ഞത് അമരവിളയിലും അതിന്റെ സമീപ പ്രദേശങ്ങളിലുമുള്ള നാല് ചെക്ക് പോസ്റ്റുകളിൽ മാത്രമാണ് കർശനമായ നിയന്ത്രണമേർപ്പെടുത്തിയത്, അത് ഈ സംസ്ഥാനത്തെ എല്ലാ ചെക്ക് പോസ്റ്റുകളിലും വ്യാപിപ്പിക്കണമെന്നാണ്. അമരവിള മാത്രമല്ല, വാളയാർ, അതുപോലെതന്നെ മഞ്ചേരി, ആര്യങ്കാവ് തുടങ്ങി പ്രധാനപ്പെട്ട നാലും അതിനോട് ഉപ ചെക്ക് പോസ്റ്റുകളായിട്ടുള്ളിടത്തും വളരെ ശക്തമായ രീതിയിൽ ഇപ്പോഴും നടപടി സ്വീകരിക്കുന്നതുകൊണ്ട് ചെക്ക് പോസ്റ്റുകളിൽ നിന്നുള്ള നമ്മുടെ നികുതി പിരിവ് വളരെയധികംവർദ്ധിച്ചിട്ടുണ്ടെന്ന് ഗവൺമെൻറിന് ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടിയാണ് സർ, മറ്റ് എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ഈ സംസ്ഥാനത്തേക്ക് നികുതി വെട്ടിച്ചുകൊണ്ട് സാധനങ്ങളും കൊണ്ടു വന്നിരുന്നത്. അതുകൊണ്ടാണ് അതിന്റെ പോരായ്മകളും പരിഹരിച്ചുകൊണ്ട് ശക്തമായ രീതിയിൽ ആ കാര്യത്തിൽ നടപടികളും സ്വീകരിച്ചുവെന്ന് ശ്രീ. കെ. വി. സുരേന്ദ്രനാഥിനെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അതുപോലെതന്നെ സെയിൽസ് ടാക്സ് പിരിക്കുന്നത് സംബന്ധിച്ച് ഈ വർഷം നമ്മൾ പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ മുന്നോട്ടു വച്ചിട്ടില്ല. കഴിഞ്ഞ പ്രാവശ്യത്തെ റേറ്റനുസരിച്ചുതന്നെ നികുതി പിരിച്ചിട്ട് ഏകദേശം ആറുമാസക്കാലംകൊണ്ട് കഴിഞ്ഞ വർഷം ഇതേ പീരിയഡിൽ പിരിച്ചതിനേക്കാൾ ഏകദേശം 40 കോടി രൂപയിലധികം നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞു. ഇവിടെ ശ്രീ. എം. എം. ഹസ്സൻ സൂചിപ്പിച്ചതുപോലെ കഴിഞ്ഞവർഷം 454 കോടി രൂപയാണ്, സർ, സെയിൽടാക്സ് ഇനത്തിലും അഗ്രിക്കൾച്ചർ ഇൻകംടാക്സ് ഇനത്തിലുമായി പിരിച്ചത്. ഈ വർഷം ഗവൺമെൻറ് ടാർജറ്റ് ഇട്ടിരിക്കുന്നത് കഴിഞ്ഞ വർഷം പിരിച്ച 454 കോടി രൂപയേക്കാൾ മിനിമം നൂറു കോടി രൂപയെങ്കിലും കൂടുതൽ പിരിക്കണമെന്നു പറഞ്ഞതിന്റെ ആശാവഹമായ പുരോഗതിയാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. ഇവിടെ ടാക്സിനെ സംബന്ധിച്ചും അതിന്റെ ഏകീകരണത്തെ സംബന്ധിച്ചിടത്തോളവുമൊക്കെ ഗുലാത്തി കമ്മീഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടിലുള്ള ചില കാര്യങ്ങളും പലരും സൂചിപ്പിക്കുകയുണ്ടായി. അതിൽ ഇവിടെ സീതിഹാജി പറഞ്ഞ ഒരു വസ്തുത വളരെ അനുഭവബോദ്ധ്യമുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് ഓടുന്ന വാഹനങ്ങളും അത് കാറുകളായാലും ശരി ജീപ്പുകളായാലും ശരി മറ്റു ട്രക്കുകളായാലും ശരി എല്ലാം അന്യസംസ്ഥാനങ്ങളിൽ നിന്നും തമിഴ്നാട്ടിൽനിന്നും പോണ്ടിച്ചേരിയിൽ നിന്നും കർണ്ണാടകത്തിൽ നിന്നുമാണ് ചെയ്സ്സ് ചെയ്ത് നമ്മുടെ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നത്. അങ്ങനെ കൊണ്ടുവരുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് നികുതി നിൽക്കുന്നു. പക്ഷേ ഗവൺമെൻറ് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഒരവസരത്തിൽ പോണ്ടിച്ചേരിയുമായി ബന്ധപ്പെട്ടുകൊണ്ട് നമ്മൾ ഒരു നികുതിയിളവ് കൊടുത്തു. അന്നുണ്ടായിരുന്ന നമ്മുടെ ആട്ടോമൊബൈൽസിന്റെ സെയിൽസ് ടാക്സ് 9 ശതമാനമായിരുന്നു. അത് നമ്മൾ 6 ശതമാനമാക്കിയപ്പോൾ പോണ്ടിച്ചേരി ഗവൺമെൻറ് അത് നേരെ 3 ശതമാനമാക്കി. ഇങ്ങനെ കുറച്ചുകൊണ്ട് വരികയാണ്. ആട്ടോമൊബൈൽസിനെ സംബന്ധിച്ചിടത്തോളം ദക്ഷിണ സംസ്ഥാനങ്ങളിലെ നികുതികളും ഏകീകരിക്കണമെന്നതാണ് ഗവൺമെൻറിന്റെ ഉള്ളിലുള്ളത്. പക്ഷേ അതിനെക്കുറിച്ച് സമഗ്രമായ ഒരു പഠനം നടത്തി നമ്മുടെ നികുതി വരുമാനത്തിന് തടസ്സം വരാത്ത രീതിയിൽ അത് പരിശോധിച്ചതിനുശേഷമാകണമെന്നുവച്ചിട്ടാണ് ഞാൻ നേരത്തെ സഭയിൽ സൂചിപ്പിച്ചതുപോലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻമാരെ ഒരു സബ് കമ്മിറ്റിയായിട്ടു വിട്ട് ഓരോ സ്റ്റേറ്റിലെയും നികുതി റേറ് ഏതെല്ലാമെന്ന് പഠിച്ച് ആ റേറ് തുലനം ചെയ്യുന്ന രീതിയിൽ ഒരു റേറ് കൊണ്ടുവന്നാൽ നമ്മുടെ നികുതിയെ അത് ബാധിക്കുമോയെന്ന കാര്യത്തെക്കുറിച്ച് പരിശോധിക്കാമെന്നു വച്ചത്.

ശ്രീ. ബേബി ജോൺ : സർ, 9 ശതമാനം 6 ശതമാനമാക്കി കുറച്ചപ്പോൾ പോണ്ടിച്ചേരി അത് മൂന്നാക്കി എന്ന് പറഞ്ഞല്ലോ. ആറുശതമാനമാക്കി കുറച്ചപ്പോഴും ആ ഇനത്തിലുള്ള നമ്മുടെ നികുതിയിൽ വർദ്ധനവുണ്ടായോ കുറവുണ്ടായോ എന്നുള്ളത് ഒന്ന് വ്യക്തമാക്കാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ഇപ്പോൾ തമിഴ്നാട്ടിൽ നികുതി നാല് ശതമാനമാണ്, കർണ്ണാടകയിലും 4 ശതമാനമാണ്, നമുക്ക് ശരാശരി ഒരു ലക്ഷവും ഒന്നര ലക്ഷവുമാണല്ലോ കാറുകളും ട്രക്കുകളും വരുന്നത്. ഏകദേശം ആറായിരം ഏഴായിരം രൂപ ലാഭമുണ്ടാകുമെന്ന് പറയുന്നതുകൊണ്ട്..... ഉദാഹരണത്തിന് മാഹിയിൽ മഹേന്ദ്ര ആൻറ് മഹേന്ദ്ര കമ്പനിയുടെ എല്ലാ വാഹനങ്ങളും അവിടെ സൂക്ഷിച്ചിരിക്കുകയാണ്. അവിടത്തെ ആകെ ജനസംഖ്യ മുപ്പത്തയ്യായിരമാണ്. ഗവൺമെൻറ് മനസിലാക്കിയിടത്തോളം ഒന്നരലക്ഷത്തോളം വാഹനങ്ങൾ മാഹിയിൽ കൊണ്ടുവന്ന് വിൽപ്പന നടത്തുന്നുവെന്നുള്ളതാണ്. പക്ഷേ എങ്ങനെ നമ്മുടെ സംസ്ഥാനത്തിന് അതിൽ നിന്ന് നികുതി കിട്ടാൻവേണ്ടി നികുതി ഏകീകരിക്കുകയാണോ മറ്റു രീതിയിലുള്ള ഏതെങ്കിലും നടപടിയാണോ വേണ്ടതെന്നുള്ളതാണ് ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ദക്ഷിണമേഖലാ കൗൺസിലിൽ രണ്ടോ മൂന്നോ പ്രാവശ്യം ദക്ഷിണ മേഖലയിലും ഒരു ഏകീകൃത നികുതി നയമുണ്ടാകണമെന്നുള്ള കേരളത്തിന്റെ അഭിപ്രായം പറഞ്ഞിട്ടുണ്ട്. പക്ഷേ കേന്ദ്ര ഗവൺമെൻറ് അത് ഇതുവരെ അംഗീകരിക്കപ്പെട്ടിട്ടില്ല. ഇന്നും കേരള ഗവൺമെൻറ് ആ നിലപാടിൽ നിന്നു മാറുവാൻവേണ്ടി ഉദ്ദേശിക്കുന്നില്ല. വീണ്ടും ആ കാര്യത്തിനുവേണ്ടി കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. ഈ നിയമം ഗുലാത്തി കമ്മിഷൻ നിർദ്ദേശിച്ചതനുസരിച്ച് ബുദ്ധിമുട്ടുണ്ടാകുന്നതുകൊണ്ടാണ് ആ നികുതി 1-4-1984 മുതൽ സെയിൽസ് പോയിൻറിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

പർച്ചേസ് പോയിന്റിലേക്ക് ആക്കാൻവേണ്ടി തീരുമാനിച്ചത്; അത് പർച്ചേസ് പോയിന്റിൽ മറ്റു കമ്മോഡിറ്റിയെപ്പോലെ അല്ല. ശ്രീ. കെ. വി. സുരേന്ദ്രനാഥ് ഇവിടെ ഒരു സംശയം പ്രകടമാക്കിയിട്ടുണ്ട്. ഇത് കോഫി ബോർഡ് പൂട്ടം ചെയ്തത് ലേലം ചെയ്യുന്നതുകൊണ്ട് നികുതിയെ സംബന്ധിച്ചിടത്തോളം നമുക്ക് യാതൊരുവിധമായ വെട്ടിപ്പും നടക്കാനില്ല. കോഫി ബോർഡിൽ നിന്ന് ഇങ്ങനെ ഈടാക്കിക്കഴിഞ്ഞപ്പോൾ 1-4-1984-ന് അപ്പുറമുള്ള ഏഴരക്കോടി രൂപയുടെ സ്റ്റോക്ക് കോഫി ബോർഡിൽ ഉണ്ടായിരുന്നു. ആ കോഫി ബോർഡിൽ നിന്ന് ഇത് ഈടാക്കുന്നതിനുവേണ്ടിയുള്ള ഒരു ചെറിയ ഭേദഗതിമാത്രമാണ് ഇവിടെ കൊണ്ടു വന്നിട്ടുള്ളത്. അതുകൊണ്ട് അതിനുള്ള 56 ലക്ഷം രൂപ ഗവൺമെന്റിന് അക്കാരണത്താൽ ലഭ്യമായി. ഈ ഒരു ഓർഡിനൻസുകൊണ്ട് വന്നില്ലെങ്കിൽ നമുക്ക് ഈ 56 ലക്ഷം രൂപ നഷ്ടപ്പെടും. അതാണ് ഒരു പ്രത്യേക സാഹചര്യത്തിൽ ഈ ഓർഡിനൻസ് കൊണ്ടുവന്ന് അത് ബില്ലാക്കാൻ വേണ്ടി സഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചത്. അത് പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. സീതിഹാജി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

1986-ലെ പൊതുവില്പനനികുതി ഭേദഗതി ബിൽ (സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്) പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ പാസാക്കി.

ബിൽ സഭ പരിഗണനയ്ക്ക് എടുത്തു.

2-ാം വകുപ്പ്

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു.

In sub-section (3) proposed to be added to section 59 of the principal Act by clause 2 after the words "has not been levied" add the words "or collected".

സർ, ഇതിനെ സംബന്ധിച്ചുള്ള വിശദീകരണം ഞാൻ ബില്ലിന്റെ 3-ാം വായനയിൽ നൽകാം. അതുകൊണ്ട് ഞാനിപ്പോൾ ഒന്നും പറയുന്നില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു. 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, 1986-ലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ബിൽ പാസാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഈ ബിൽ ആവശ്യമായിട്ടുള്ള നിയമമാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. പക്ഷേ ഇത് എങ്ങനെ സംഭവിച്ചു ? ഇപ്പോഴത്തെ ഫസ്റ്റ് സെയിലിൽ നിന്നും ഫസ്റ്റ് പർച്ചെയിസിലേക്ക് ഇത് മാറുമ്പോഴത്തെ ഇത്തരത്തിലുള്ള സ്റ്റേറ്റുകൾക്കും വാങ്ങിച്ചു വച്ചതു ഉണ്ടായിരിക്കുമെന്നുള്ള കാര്യം വിസ്മരിച്ചു. അതിനെക്കുറിച്ച് ഓർമ്മിച്ചില്ല. ഇതിലിപ്പോഴത്തെ ഈ സ്റ്റേറ്റുമെന്റ് ഓഫ് ഒബ്ജക്റ്റ്സ് ആൻറ് റീസൺസിൽ പറയുന്നത് കോഫീ ബോർഡിൽ കുറെയധികം സ്റ്റോക്കുണ്ട് എന്നുള്ളതാണ്. അതുകൊണ്ട് മാത്രം അവസാനിക്കുമോ ? എത്രയോ സ്റ്റോക്കുകൾ വേറെ പലരിലും ഉണ്ടായിരിക്കും ? അതൊന്നും ഗവൺമെൻറിന് കണ്ടുപിടിക്കാൻ സാധിക്കുകയില്ല. പക്ഷേ വൻകിട ഹോൾസെയിൽ വ്യാപാരികളുടെ കൈയിൽ സെയിൽസ് ടാക്സും ഇല്ല പർച്ചെയിസ് ടാക്സുമില്ല. എന്നുള്ള നിലയിൽ വരുന്നതായിട്ടുള്ള സ്റ്റോക്കുണ്ടോ ഇല്ലയോ എന്നുള്ളത് പരിശോധിച്ചിട്ടുണ്ടോയെന്നുള്ളത് സ്റ്റേറ്റുമെൻറ് ഓഫ് ഒബ്ജക്റ്റ്സ് ആൻറ് റീസൺസിൽ എവിടെയും കാണുന്നില്ല. അത് കൂടി പരിശോധിക്കേണ്ടതുണ്ട്. ഇനിയിപ്പോൾ പരിശോധിച്ചാൽ കിട്ടുമോ എന്നുള്ള കാര്യം എനിക്കറിഞ്ഞുകൂടാ. ഏതായാലും മുൻപ് പാസ്സാക്കിയിട്ടുള്ള ഒരു നിയമത്തിൻറെ പോരായ്മ കൊണ്ടാണ് ഈ ഭേഗതി നിയമം ഇപ്പോളിവിടെ കൊണ്ടുവരേണ്ടതായി വന്നിട്ടുള്ളത് എന്നുള്ളത് ഈ സമയത്ത് എങ്കിലും ഓർക്കേണ്ടതുണ്ട്. ഈ സെയിൽസ് ടാക്സ് നിയമം 1963-ൽ നമ്മൾ പാസാക്കിയതാണ്. അതിനു മുൻപ് ടി. സി. നിയമം ആയിരുന്നു. ടി. സി. നിയമം കേരള വ്യാപക നിയമമായിട്ട് നമ്മൾ പ്രഖ്യാപിച്ച്, 1125-ൻറെ സെയിൽസ് ടാക്സ് ആക്റ്റ്, അത് ഇവിടെ നടപ്പിലാക്കുകയായിരുന്നു. ഇപ്പോൾ 1963-ലെ നിയമം കഴിഞ്ഞു, എത്രയെത്ര ഭേഗതികളാണ് ഈ സെയിൽസ് ടാക്സ് നിയമത്തിൽ വന്നിട്ടുള്ളത് ? ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടേയും ഒക്കെ ജഡ്ജ്മെൻറുകൾ വരുമ്പോൾ ഭേഗതികൾ കൊണ്ടുവരേണ്ടതായി വരും. വേറെയും ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോൾ ഭേഗതികൾ കൊണ്ടുവരേണ്ടതായി വരും. ഈ സെയിൽസ് ടാക്സിനെ സംബന്ധിച്ചിടത്തോളം കുറെ കൊല്ലങ്ങൾക്കുമുൻപ് 1968-69 കാലഘട്ടത്തിലാണെന്ന് തോന്നുന്നു, ശ്രീ. സി. അച്ചുത മേനോൻ മുതലായവർ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റി അതിൻറെ റിപ്പോർട്ട് അന്ന് സമർപ്പിക്കുകയുണ്ടായി. ഞാനും ആ കമ്മിറ്റിയിൽ അംഗമായിരുന്നു. അതിനുശേഷം ഈ സിംഗിൾ പോയിൻറ് സെയിൽസ് ടാക്സ് ആക്കാനുള്ള പ്രധാനമായിട്ടുള്ള നിർദ്ദേശം കൊണ്ടു വന്ന ഗുലാത്തീക്കമ്മീഷനും അതിൻറെ റിപ്പോർട്ട് സമർപ്പിച്ചുവെന്നാണ് തോന്നുന്നത്. ഈ സെയിൽസ് ടാക്സ് നിയമം സമഗ്രമായിട്ടൊന്നു പഠിച്ച് ഒരു പുതിയ നിയമം കൊണ്ടുവരുന്നതിനുള്ള കരടമായിട്ടുണ്ട്. ഇപ്പോളിത് വായിച്ചുണ്ടാക്കാൻ തന്നെ പ്രയാസമാണ്. ഭേഗതികൾ അത്ര വളരെയാണ് വരുത്തിയിട്ടുള്ളത്. ഈ ഭേഗതികളെല്ലാം ചിലപ്പോൾ പ്രിൻറ് ചെയ്യുമ്പോൾ തെറ്റായിട്ട് പ്രിൻറ് ചെയ്തു വരുന്നുണ്ട്. ഇതൊക്കെ മിക്കവാറും പ്രിൻറ് ചെയ്യുന്നത് എല്ലാം തന്നെ സ്വകാര്യമേഖലയിലുള്ള പ്രസ്സുകളിലാണ്. വളരെ കുറച്ചു നിയമപുസ്തകങ്ങൾ മാത്രമേ സർക്കാർ പ്രസിദ്ധീകരിക്കുന്നുള്ളു. അങ്ങനെ സർക്കാർ പ്രസിദ്ധീകരിക്കുന്നതും തെറ്റാകാൻ പാടില്ലാ എന്നല്ല പറയുന്നത്. ഏതായാലും അതിന് കൂടുതൽ വിലയുണ്ട്. അങ്ങനെ സർക്കാർ പ്രസിദ്ധീകരിക്കുന്നതായിട്ടുള്ള പുസ്തകങ്ങളുടെ കുറവ് കാരണം സ്വകാര്യ വ്യക്തികൾ പ്രസിദ്ധീകരിക്കുന്നതായിട്ടുള്ള പുസ്തകങ്ങളെ നമുക്ക് ആശ്രയിക്കേണ്ടതുണ്ട്. ഈ സെയിൽസ് ടാക്സ് നിയമത്തിൽ വന്നിട്ടുള്ള നിരവധി ഭേഗതികൾ കണക്കിലെടുക്കുമ്പോൾ ഇത് ഏതാണ്ട് കൂട്ടിവായിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വളരെയധികം പ്രയാസമായിരിക്കുന്നുവെന്നുള്ള ഒരു സ്ഥിതിവിശേഷമാണ് വന്നിരിക്കുന്നത്. ഒരൊറ്റ കാര്യം കൂടി, ഇവിടെ പരാമർശിച്ചുവെന്നുള്ള കാരണത്താൽ പറയാനാഗ്രഹിക്കുകയാണ്. അത് ഇതുമായി ബന്ധപ്പെട്ടതാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ 484 കോടിയിൽ നിന്ന് 100 കോടി ഇക്കൊല്ലം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന്. നല്ലതു തന്നെ. അതിനായിട്ടുള്ള സാദ്ധ്യതകളും ഉണ്ടായിരിക്കുന്നുവെന്നുള്ളതാണ് വാസ്തവം. യാതൊരു സംശയവുമില്ല. വിലകളും കൂടിക്കൊണ്ടിരിക്കുന്നുണ്ട്. സാധനങ്ങളുടെ വില്പന വളരെയധികം വർദ്ധിക്കുന്നുണ്ട്. ആ നിലയിൽ സെയിൽസ് ടാക്സ് വർദ്ധിപ്പിക്കുകയെന്നുള്ളത് ആവശ്യമാണ്. ഇവിടെ 100 കോടി വർദ്ധിപ്പിച്ചാൽ 150 കോടിയുടെ അധികച്ചെലവ് വരുമെന്നുള്ളതായിട്ടുള്ള സ്ഥിതിവിശേഷമാണ് ഗവൺമെൻറിന്റെ റവന്യൂ ബഡ്ജറ്റിൽ കാണുന്നത്. ആ നിലയിൽ നമുക്ക് വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുന്ന രണ്ടു കാര്യങ്ങളാ എന്നാണ് ? (1) ഈ സെയിൽസ് ടാക്സ് റവന്യൂ, (2) അബ്കാരി റവന്യൂ. അബ്കാരി റവന്യൂ നമുക്ക് ഇത്തരത്തിൽ വർദ്ധിപ്പിക്കുന്നുവെന്ന് പരസ്യമായി പ്രഖ്യാപിക്കാൻ സാധിക്കുകയില്ല. അത് സ്വകാര്യമായിട്ട് വർദ്ധിപ്പിക്കേണ്ടതുണ്ട്. പരസ്യമായിട്ട് വർദ്ധിപ്പിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് വർദ്ധിപ്പിക്കാവുന്നത് സെയിൽസ് ടാക്സ് റവന്യൂ ആണ്. ഈ സെയിൽസ് ടാക്സ് റവന്യൂ വർദ്ധിപ്പിക്കുന്നതിനും പിരിച്ചെടുക്കുന്നതിലും പ്രധാനമായും ബുദ്ധിമുട്ട് ഉണ്ടാകുന്നത് ആയിട്ടുള്ള ഒരു സ്ഥിതിവിശേഷം ഉണ്ട്. ഈ സെയിൽസ് ടാക്സ് ഓഫീസർമാരെ എല്ലാം തന്നെ ഗവൺമെൻറിന്റെ പണപ്പിരിവിനുവേണ്ടി ഉപയോഗിക്കുമെന്ന് ആ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അദ്ദേഹം നിർദ്ദേശം കൊടുത്തിരിക്കുന്നുവെന്ന് പറഞ്ഞു, എനിക്കറിയില്ല എവിടെയാണ് ആ നിർദ്ദേശം കൊടുത്തിരിക്കുന്നതെന്ന്. അത് വാക്കാലുള്ള നിർദ്ദേശമാണെങ്കിൽ അത് വിലപ്പോവുകയില്ല. കാരണം ഓരോരോ കാര്യങ്ങൾക്കു വേണ്ടി ഗവൺമെൻറിന് പണം പിരിക്കണം. സ്റ്റാർ നൈറ് വരെയുള്ള പല കാര്യങ്ങൾക്കും. ഇതിനെല്ലാം പണം പിരിക്കുമ്പോൾ ഓരോ ജില്ലയ്ക്ക് കപ്പാട്ടാ കൊടുക്കുന്നു. ജില്ലാ കളക്ടറും തഹസീൽദാരും ആദ്യമായും അവസാനമായും അവർ ആശ്രയിക്കുന്നത് സെയിൽസ് ടാക്സ് ഓഫീസർമാരെയും അസിസ്റ്റൻഡ് സെയിൽസ് ടാക്സ് ഓഫീസർമാരെയുമാണ്. അങ്ങനെ ഓരോ അസിസ്റ്റൻഡ് സെയിൽ ടാക്സ് ഓഫീസർമാരും സെയിൽസ് ടാക്സ് ഓഫീസർമാരും പിരിവിന് പോയി അയ്യായിരവും പതിനായിരവും അതിലധികവും രൂപ അവർ പിരിച്ചു കൊടുക്കുമ്പോൾ അത് ബാധിക്കുന്നത് നമ്മുടെ സെയിൽസ് ടാക്സ് റവന്യൂവിനെയാണ്. അതിനൊരു ചെറിയ കൺസിഡറേഷനുണ്ട്. ആ കൺസിഡറേഷൻ ചില പുസ്തകങ്ങളാ ഒന്നും നോക്കില്ല. അല്ലെങ്കിൽ ചില പുസ്തകങ്ങളാ അവർ എഴുതിയതു മാത്രം സ്വീകരിക്കും. വേറെ അതിന്റെ പിന്നിലേക്ക് പോവുകയില്ല. അതിലപ്പുറവും വല്ലതും ഉണ്ടായിരിക്കും. എന്തായാലും ഇപ്പോൾ അതിലേക്കൊന്നും പോകാൻ ഞാനുദ്ദേശിക്കുന്നില്ല. ഞാൻ ഉദ്ദേശിക്കുന്നത് ഈ പിരിവിനുവേണ്ടി സെയിൽസ് ടാക്സ് ഓഫീസർമാരെയും അസിസ്റ്റൻഡ് സെയിൽസ് ടാക്സ് ഓഫീസർമാരെയും മോട്ടോർ വെഹിക്കിൾസ് ഉദ്യോഗസ്ഥൻമാരെയും ഉപയോഗിക്കുക എന്നുള്ളതാണ്. ഇന്ന് ഈ സംസ്ഥാനത്ത് യാതൊരു നാണവുമില്ലാതെ പരസ്യമായിട്ട് ഉപയോഗിക്കുകയാണ്. മുൻപ് ഇതിനൊക്കെ കുറച്ച് സ്വകാര്യമുണ്ടായിരുന്നു. ഇന്ന് ആ സ്വകാര്യമില്ല. മോട്ടോർ വെഹിക്കിൾസുകാരെ ഉപയോഗിച്ചാൽ പേടിക്കാനില്ല. കാരണം ഇത്രയധികം അഴിമതി നിറഞ്ഞതായിട്ടുള്ള മറ്റൊരു ഡിപ്പാർട്ടുമെൻറ് ഉണ്ടോ ? അവർ അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

പിരിവിന്റെ കൂടെ ഈ പിരിവുകൂടി നടത്തിയെന്നല്ലാതെ ഇത് മോട്ടോർ വെഹിക്കിൾസ് റവന്യൂവിനെ ബാധിക്കുകയില്ല. ഇത് സെയിൽസ് ടാക്സ് റവന്യൂവിനെ ബാധിക്കും; അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ നിലയ്ക്ക് ഞാൻ ഒന്നുകൂടി ഉറപ്പിച്ച് ആവശ്യപ്പെടുകയാണ്, സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാരെയും സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറിലെ മറ്റുള്ള ഉദ്യോഗസ്ഥൻമാരെയും ഈ പൊതു പണപ്പിരിവിനു വേണ്ടി ഗവൺമെൻറ് ഉപയോഗിക്കാൻ പാടില്ല. ഒരു പണപിരിവിനും ഗവൺമെന്റോ കമ്മാസി-ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരോ ഗവൺമെൻറ് സംഗതികൾക്കുവേണ്ടി പിരിക്കുവാൻ പാടില്ലെന്ന് നിർബന്ധം പിടിക്കണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ അമെൻഡ്മെൻറ് മൂവ് ചെയ്തിട്ടു പോലും സംസാരിച്ചില്ല.

മി. സ്പീക്കർ : ചുരുക്കി പറയൂ.

ശ്രീ. വർക്കല രാധാകൃഷ്ണൻ : *** ഇത് എങ്കിലും നേരെ നടക്കേണ്ടേ ?

ശ്രീ. എം. എം. ഹസ്സൻ : സർ, അദ്ദേഹത്തെപ്പോലെ പാണ്ഡിത്യമുള്ള ആളുകളാണ് ഈ സഭയിലുള്ളത്. അദ്ദേഹത്തെപ്പോലെ വിവരത്തിന്റെ തലപ്പത്തു കയറിയിരിക്കുന്ന ആളുകളാണ് ഈ സഭയിലുള്ളത്.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, റിക്കാർഡിൽ നിന്ന് നീക്കുകയെന്നുള്ളത് വളരെ എളുപ്പമായിട്ടുള്ള സംഗതിയായി ഈ സഭയിൽ തീരുന്നുണ്ട് എന്നാണ് എനിക്ക് പറയാനുള്ളത്. 'വിവരമില്ലാത്ത' എന്ന് പറഞ്ഞത് തെറ്റായി എന്നാണ് പറയുന്നത്. ഈ 'വിവരമില്ലാത്ത' എന്നുള്ള വാക്ക് one of the most commonly used വാക്കാണ്. അതിന് യാതൊരു തെറ്റുമില്ല. നാലു ദിവസം മുൻപ് രാജ്യസഭയിൽ 'നോൺസെൻസ്' എന്നൊരാൾ പറഞ്ഞു. ''നോൺസെൻസ്'' പാർലമെൻററിയാണോ അൺപാർലമെൻററിയാണോ എന്നുള്ള ചോദ്യം വന്നു. രാജ്യസഭയുടെ ചെയർമാൻ മിസ്റ്റർ ആർ. വെങ്കിട്ടരാമൻ റൂം ചെയ്ത് അതിന് കാരണം പറഞ്ഞു. ''നോൺസെൻസ്'' അൺപാർലമെൻററിയല്ല. അതിന് അദ്ദേഹം പറഞ്ഞിട്ടുള്ള ഒരു കാരണം ഇത് ഒരു most commonly used term ആണെന്നാണ്. ആ most commonly used term എങ്ങനെ അൺപാർലമെൻററിയാകും. എന്നെ സംബന്ധിച്ചുള്ള ഒരു കാര്യം കൂടിയായതുകൊണ്ട് ഞാൻ പറയുകയാണ്. 307-ാം ചട്ടപ്രകാരം ഒന്നുകിൽ accusation ആയിരിക്കണം അല്ലെങ്കിൽ defamatiry ആയിരിക്കണം. അല്ലെങ്കിൽ insinuation ആയിരിക്കണം. കഴിഞ്ഞയാഴ്ച ഞാൻ ഇവിടെ ഒരു സംഗതി ചോദിച്ചപ്പോഴും ചെയറിലിരിക്കുന്നയാളും ഉടനെ പറഞ്ഞു അതെല്ലാം അപ്രസക്തമാണ് അതൊന്നും റെക്കാർഡിൽ കാണുകയില്ലെന്ന്. അങ്ങേക്ക് എഴുതിത്തരണമെന്ന് വിചാരിച്ചതാണ്. അപ്രസക്തമാണെന്നുള്ള കാരണത്താൽ സഭാ നടപടികളിൽ നിന്ന് നീക്കം ചെയ്യുന്നതിനായി ചട്ടം 307 ചെയറിനെ ആതരൈസ് ചെയ്യുന്നില്ല. ചെയറിന് ഡിസ്ക്രീഷനറി പവ്വേഴ്സുണ്ട്. റെസിഡ്യൂവറി പവ്വേഴ്സുണ്ട്. അത് ഉപയോഗിക്കാമെന്നുള്ളതിനെ സംബന്ധിച്ച് യാതൊരു സംശയവും എന്നെ സംബന്ധിച്ചിടത്തോളമില്ല. പക്ഷെ അപ്രസക്തമാണെന്നുള്ള നിലയിൽ ഈ നിയമസഭയിൽ നിന്നോ ഇന്ത്യയിലെ നിയമസഭകളിൽ നിന്നോ എന്തെങ്കിലും മാറേണ്ടതുണ്ടോ ? അപ്രസക്തമായ കാര്യങ്ങളാണ് ബില്ലിനെപ്പറ്റി സംസാരിക്കുമ്പോഴും മറ്റുമെല്ലാം സാധാരണ ഗതിയിൽ പറയുന്നത്. കഴിഞ്ഞ വ്യാഴാഴ്ച എന്റെ ഒരു പ്രഭാഷണം ഇതിൽ നിന്ന് നീക്കം ചെയ്തത് അങ്ങ് പുനഃപരിശോധിക്കണമെന്നാണ് എനിക്ക്

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങയോട് അപേക്ഷിക്കാനുള്ളത്. "വിവരമില്ലാത്ത" എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം വേണ്ടത്ര വിവരമില്ലാത്ത, knowledge ഇല്ലാത്ത എന്നു മാത്രമേയുള്ളു. അതുകൊണ്ട് വിവരമില്ലാത്ത എന്നു പറഞ്ഞാൽ അത് അകപ്പുസേഷനാണെന്ന് കണക്കാക്കേണ്ടതില്ല. നമ്മൾ വളരെയധികം ഡെലിക്കേറ്റാകുന്നു. ഓരോ വാക്കുകൾ കണ്ടാൽ ബുദ്ധിമുട്ടു വരുന്നതായ സ്ഥിതി വിശേഷമുണ്ടാകാൻ പാടില്ല. സഭയുടെ സമാജികനു സഭയിൽ പ്രസംഗിക്കുക എന്നുള്ളത് ഏറ്റവും വലുതായിട്ടുള്ള അവകാശമാണ്. അത് തോന്നിയതുപോലെ ചെയറിനു നീക്കം ചെയ്യാനുള്ള അധികാരമില്ല. ഏറ്റവും ചുരുങ്ങിയ തോതിൽ അത് വിനിയോഗിക്കണമെന്നു ഏറ്റവും വിനയപൂർവം ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ : ഞാൻ പറഞ്ഞതിനെ പരാമർശിച്ചാണ് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞത്. ഓരോ വാക്കുകളും ഉപയോഗിക്കുമ്പോൾ അതിന്റെ സന്ദർഭത്തിനനുസരിച്ചാണ് അതിനു അർത്ഥം വരുന്നത്. ഇത് ഒരു നിയമസഭയാണ്. പരിണിതപ്രജ്ഞരായ ശ്രീ. ചന്ദ്രശേഖരനെപ്പോലുള്ള ആളുകൾ ഇരിക്കുന്ന ഒരു സഭയിൽ അദ്ദേഹമടക്കമുള്ളയാളുകൾ ഇരുന്ന് ചെയ്യുന്ന ഒരു പ്രവൃത്തി വിവരമില്ലാതെ ചെയ്യുന്നുവെന്ന് പറഞ്ഞാൽ ശ്രീ. ചന്ദ്രശേഖരനു വിവരമില്ലായെന്നു ആ പറയുന്നതിനു അർത്ഥമുണ്ടോ? ഒരിക്കലുമില്ല. വളരെ ഉത്തരവാദപ്പെട്ട, വളരെ ഗൗരവമേറിയ ഒരു പ്രക്രിയയിലാണ് നമ്മൾ ഏർപ്പെട്ടിരിക്കുന്നത്. അത് വിവരമില്ലാതെ ചെയ്യുന്നു എന്നു പറയുന്നത് തീർച്ചയായിട്ടും ഒരു വിവരക്കേടാണ്. അതാണ് ഞാൻ മാറ്റണമെന്നു പറഞ്ഞത്.

ശ്രീ. സ്പീക്കർ : ഇവിടെ ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞത് വളരെ പ്രസക്തമായിട്ടുള്ള ഒരു പോയിന്റാണ്. രേഖയിൽ നിന്നു നീക്കം ചെയ്യുകയെന്നുള്ളതിനു ചെയറിനു അധികാരമുണ്ട്. റെസിഡ്യൂവറി പവ്വേഴ്സുണ്ട്, ഡിസ്ക്രിഷനുണ്ട്. എങ്കിലും ഏറ്റവും ഔചിത്യപൂർവം ഉപയോഗിക്കേണ്ട ഒരധികാരമാണ്. ആ കാര്യത്തിൽ യാതൊരു സംശയവുമില്ല. വാക്കുകളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ശ്രീ. ഹസ്സൻ പറഞ്ഞ ഒരു പോയിന്റും പ്രസക്തമാണ്. ശ്രീ. ഹസ്സൻ പറഞ്ഞതുപോലെ വാക്കുകൾക്ക് സന്ദർഭാനുസരണം അർത്ഥ വ്യത്യാസമുണ്ടാകും. വിവരമില്ലെന്നു പറയുന്നത് അൺപാർലമെന്ററി വാക്കല്ല. സഭ പാസാക്കുന്ന നിയമനിർമ്മാണം പരിണിതപ്രജ്ഞരായ മെമ്പർമാർ ചർച്ച ചെയ്ത് അഭിപ്രായങ്ങളും കേട്ട് പാസാക്കുന്നതാണ്. സഭ അതിന്റെ വിസ്തൃതിയിൽ പാസാക്കുന്നതെല്ലാം വിവരത്തോടുകൂടിയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, സഭയ്ക്ക് വിവരമില്ലെന്നല്ല ഞാൻ പറഞ്ഞത്. ഈ നിയമത്തിന്റെ ഫൈനൽ റീഡിംഗിൽ ഒന്ന് രണ്ടു കാര്യങ്ങളം പറയാനുണ്ട്. തത്വത്തിൽ ഈ നിയമത്തെ അനുകൂലിച്ചുകൊണ്ട് ഒന്നു രണ്ടു കാര്യങ്ങളം പറയുകയാണ്. നേരത്തെ ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രശേഖരൻ ചൂണ്ടിക്കാണിച്ചതുപോലെ 1963-ലാണ് ഇവിടത്തെ വില്പന നികുതി നിയമം പാസാക്കിയത്. 23 കൊല്ലം കഴിഞ്ഞു. 24-ാമത്തെ കൊല്ലമാകാൻ പോവുകയാണ്. അന്നത്തെ നികുതി സമ്പ്രദായമല്ല ഈ രാജ്യത്ത് നിലവിലിരിക്കുന്നത്. നികുതി ഘടനയിൽ പൂർണ്ണമായ മാറ്റം വരുത്തണം. ഇന്നത്തെ നികുതി സമ്പ്രദായം വളരെ സങ്കീർണ്ണമാണ്. സങ്കീർണ്ണമായ നികുതി ഘടന നിലവിലിരിക്കുന്നതുകൊണ്ട് നികുതി വെട്ടിപ്പിനു വേണ്ടുവോളം സാദ്ധ്യത ഈ രാജ്യത്ത് നിലവിലുണ്ട്. ഈ നികുതി വെട്ടിപ്പ് ഒഴിവാക്കാനും അതുപോലെതന്നെ നികുതി നൽകുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കാനും വേണ്ടി നികുതി ഘടനയിൽ സമൂലമായ

LIBRARY ARCHIVES Kerala Legislative Assembly

പരിവർത്തനം വരുത്തുന്ന ഒരു നിയമനിർമ്മാണം വളരെ അടിയന്തിരമായി ഈ രാജ്യത്ത് ആവശ്യമായിത്തീർന്നിരിക്കുന്നു എന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇനി ഒട്ടും അമാന്തിച്ചുകൂടാത്ത സ്റ്റേജിലേക്ക് എത്തിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ചിടത്തോളം വേണ്ടുവോളം വിവരങ്ങളും ഗവൺമെൻറ് ഇതിനകം പല കമ്മീഷനെ നിയോഗിച്ച് ശേഖരിച്ച് വച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ ഭേദഗതി നിയമം കൊണ്ടുവന്ന് 1963-ലെ നിയമത്തിനു കുറവ് പരിഹരിക്കാനും ശ്രമിച്ചിട്ടുണ്ട്. അനുഭവങ്ങളുടെ വെളിച്ചത്തിൽ, കഴിഞ്ഞ കാലത്തുണ്ടായ ഭേദഗതികളുടെ വെളിച്ചത്തിൽ ഇവിടെ നിയമിക്കപ്പെട്ട തവരാജ് കമ്മീഷനടക്കമുള്ള എല്ലാ കമ്മീഷനുകളുടേയും റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ ഈ നികുതി ഘടന പരിപൂർണ്ണമായും പുനസംവിധാനം ചെയ്യണം. പുനസംവിധാനം ചെയ്ത്, ഡയറക്ട് ആൻറ് ഇൻഡയറക്ട് tax-ൽ മാറ്റം വരുത്തി നികുതി സമ്പ്രദായം പൂർണ്ണമായും ലഘൂകരിക്കണമെന്നുള്ള ആവശ്യത്തെ മുൻനിറുത്തി ഗവൺമെൻറ് നടപടികൾ സ്വീകരിക്കണമെന്നുള്ള കാര്യമാണ് ആദ്യമായി എനിക്ക് പറയാനുള്ളത്.

രണ്ടാമത് പറയാനുള്ളത് ഈ നാട്ടിലെ പാവപ്പെട്ട കാപ്പിക്കൃഷിക്കാരെ സംബന്ധിച്ചാണ്. വയനാട് ജില്ലയിലാണ് കാപ്പിക്കൃഷിക്കാർ ഈ രാജ്യത്ത് ഏറ്റവും കൂടുതലായിട്ടുള്ളത്. അവരെ പ്രതികൂലമായി ബാധിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. കാപ്പിക്കൃഷിക്കാർ വളരെ കാലമായി സമരത്തിലാണ്. അവർക്ക് പല ന്യായമായ പ്രശ്നങ്ങളുമുണ്ട്. തീർച്ചയായിട്ടും അവർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന നിലയിൽ ഈ വിൽപ്പന നികുതി നിയമം പ്രയോഗിക്കാൻ പാടില്ലെന്നാണ് എനിക്ക് ഗവൺമെൻറിനോട് അഭ്യർത്ഥിക്കാനുള്ളത്. കാപ്പിക്കൃഷിക്കാരെ സഹായിക്കാൻ, കാപ്പി കൃഷിക്കാർക്ക് പ്രോൽസാഹനം നൽകാൻ, അവർ ഇന്ന് ഏർപ്പെട്ടിരിക്കുന്ന സാമ്പത്തിക ചുഴിയിൽ നിന്ന് അവരെ രക്ഷപ്പെടുത്താൻ ഗവൺമെൻറ് സത്വരമായ നടപടികൾ സ്വീകരിക്കണം. അതുകൊണ്ട് ഈ നിയമം കാപ്പികൃഷിക്കാർക്ക് ദ്രോഹകരമായിത്തീരാതിരിക്കട്ടെ എന്ന് പ്രതീക്ഷിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രശേഖരനും ശ്രീ. വർക്കല രാധാകൃഷ്ണനും ഈ സെയിൽസ് ടാക്സ് നിയമത്തിൽ സമഗ്രമായ ഒരു പരിശോധനയും മാറ്റവും വരുത്തണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഗവൺമെൻറ് ഈ കാര്യം വളരെ ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ നികുതി പിരിക്കുന്നതിന് സഹായകരമായ രീതിയിൽ ഇന്ന് നിലവിലിരിക്കുന്ന സെയിൽസ് ടാക്സ് നിയമത്തിൽ മാറ്റം വരുത്തുന്നതിനുവേണ്ടി ഗവൺമെൻറ് കുറച്ചു കൂടെ സാമ്പത്തിക വൈദഗ്ദ്ധ്യമുള്ള ആളുകളുടേയും ഗുലാത്തി കമ്മീഷന്റെയും റിപ്പോർട്ടുകളും ആധാരമാക്കി പ്രവർത്തിക്കുന്നതാണ് എന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ചന്ദ്രശേഖരനും വർക്കല രാധാകൃഷ്ണനും സൂചിപ്പിച്ചതുപോലുള്ള സന്ദേഹത്തിന്റെ കാര്യമൊന്നുമില്ല. ഇത് ഒരു ചെറിയ നടപടിക്കുവേണ്ടി ഗവൺമെൻറ് കൊണ്ടുവന്ന ഒരു ഭേദഗതി നിയമമാണ്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇത് ബുദ്ധിമുട്ടുണ്ടാകുമെന്നാണ് ശ്രീ. വർക്കല രാധാകൃഷ്ണൻ പറയുന്നത്. എല്ലാ കർഷക സംഘടനകളും സെയിൽ പോയിൻറിൽ നിന്ന് പർച്ചേഴ്സ് പോയിൻറിലേക്ക് മാറും. മറ്റ് കമ്മോഡിറ്റിപോലെയല്ല ഇത്. കാരണം ഇത് പൂർണ്ണമായി കയറ്റുമതി ചെയ്തുകൊണ്ടുവന്നാണ് വിൽക്കുന്നത്. ലോക്കലായി വല്ലവരും കാപ്പികുടിക്കാൻവേണ്ടി പൊടിച്ചെടുക്കുന്നുവെങ്കിൽ അതിന് ടാക്സ് വേണ്ടായെന്ന് ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അല്ലാതെ കാപ്പിയെ സംബന്ധിച്ചിടത്തോളം കാപ്പിക്ക് പരമാവധി വില കിട്ടണമെങ്കിൽ പൂവം ചെയ്തു കോഫി ബോർഡ് പർച്ചേസ് ചെയ്തെങ്കിൽ മാത്രമേ സാദ്ധ്യമാകൂ. അതുകൊണ്ട് അങ്ങനെ നഷ്ടം വരുന്നില്ല. ഈ കാരണത്താൽ വല്ല രീതിയിലും നഷ്ടമുണ്ടാകുമോയെന്ന് ഞങ്ങൾ പരിശോധിച്ചുനോക്കി. മൊത്തം 22,000 ടണ്ണാണ് നമ്മുടെ കേരളത്തിലെ ഒരു വർഷത്തെ ഉൽപ്പാദനം. ഒരു ഹെക്ടറിൽ ഏകദേശം ശരാശരി 60 കിലോ ഗ്രാം കാപ്പിയാണ് ഉണ്ടാകുന്നത് എന്നാണ് കോഫി ബോർഡുമായി ചർച്ച ചെയ്തു പരിശോധിച്ചപ്പോൾ കണ്ടത്. ഈ ഉൽപ്പാദനത്തിന്റെ ഏകദേശം 99 ശതമാനവും കോഫീബോർഡിൽ പൂവം ചെയ്തുകൊണ്ടു വരുന്നതുകൊണ്ട് നമുക്ക് യാതൊരു വിധമായ നികുതി നഷ്ടവുമുണ്ടാകുകയില്ല.

സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാരെകൊണ്ട് പല രീതിയിലുള്ള പിരിവുകൾ നടത്തുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം കുറയുന്നുവെന്ന് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. യാതൊരു കാരണവശാലും അവരുടെ ആവശ്യത്തിനുപോലും പിരിവു നടത്താൻ പാടില്ല എന്ന കാര്യത്തിൽ വളരെ കർക്കശമായ ഒരു നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും ഉദ്യോഗസ്ഥൻ ഏതെങ്കിലും ഒരാളിൽ നിന്ന് ഇതുപോലുള്ള പിരിവുകൾ നടത്തുകയാണെങ്കിൽ കർശനമായി ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്നുള്ള കാര്യത്തിൽ സഭയ്ക്ക് യാതൊരു സംശയവും ഉണ്ടാകേണ്ട കാര്യമില്ല. അതുകൊണ്ട് അങ്ങനെ ഒരു കുഴപ്പം വന്നിട്ടില്ല. 100 കോടി രൂപയെന്നു ഞാൻ ഇവിടെ പറഞ്ഞത് ഒരു മിനിമം ടാർജറാണ്. 454 കോടി രൂപ കഴിഞ്ഞവർഷം പിരിച്ചതിൽ 22 കോടി രൂപ അഗ്രികൾച്ചർ സെയിൽസ് ടാക്സാണ്. അതുകൊണ്ട് കഴിഞ്ഞവർഷം പിരിച്ച 454 കോടി രൂപയേക്കാൾ ഈ വർഷം 100 കോടി രൂപ അധിക നികുതി പിരിക്കണമെന്നുള്ളതാണ് ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്ക് കൊടുത്തിട്ടുള്ള ടാർജറ്. ആറുമാസത്തിനുള്ളിൽ ഉണ്ടായ പുരോഗതി വിലയിരുത്തുമ്പോൾ ഏകദേശം 40 കോടി രൂപ കഴിഞ്ഞവർഷം പിരിച്ചതിനേക്കാൾ കൂടുതൽ ഈ വർഷം പിരിച്ചു. തീർച്ചയായും മാർച്ച് 31 അവസാനത്തോടുകൂടി ഗവൺമെന്റിന്റെ ഈ ടാർജറ് ലക്ഷ്യത്തിലെത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കോഫിയുടെ ഇനത്തിൽ ഏകദേശം നാലരക്കോടി രൂപ കിട്ടും. അപ്പോൾ കൃഷിക്കാർക്ക് വളരെ ബുദ്ധിമുട്ടുണ്ടാവുകയില്ല. സെയിൽ പോയിന്റിൽ നിന്ന് പർച്ചേസ് പോയിന്റിലേക്ക് മൂവ് ചെയ്യാൻ വിഷമമുണ്ട്. കാർഡമത്തിനു തന്നെയും പർച്ചേസ് പോയിന്റ് മതിയെന്നാണ് തീരുമാനിച്ചിരിക്കുന്നത്. കൃഷിഭൂമിയുടെ അടിസ്ഥാനത്തിൽ വച്ചുകൊണ്ട് അസസ് ചെയ്തത് കൃഷിക്കാർക്ക് ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നു കണ്ടതുകൊണ്ട് ഗവൺമെന്റ് അടുത്തകാലത്ത് അതും സെയിൽ പോയിന്റിൽ മതി എന്നു തീരുമാനിച്ചിട്ടുണ്ട്. കൃഷിക്കാരെ സഹായിക്കുക എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇത് വന്നത്. കോഫി ബോർഡ് പരിശോധിച്ചപ്പോൾ ഏഴര കോടി രൂപയുടെ സ്റ്റോക്ക് 1-4-1984-നു മുമ്പുള്ളത് ഉണ്ടായിരുന്നു എന്നു കണ്ടതുകൊണ്ടാണ് ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവന്നത്. അത് സെയിൽ പോയിന്റിൽ കൊടുത്തതിനുശേഷം വന്നതല്ല. ഏഴരക്കോടി രൂപയുടെ സ്റ്റോക്കുള്ളതുകൊണ്ട് ഒരു അമൻറ്മെൻറ് കൊണ്ടുവന്നെങ്കിൽ മാത്രമേ നമുക്ക് ടാക്സ് ഈടാക്കാൻ കോഫീബോർഡിനോട് ആവശ്യപ്പെടാൻ കഴിയുകയുള്ളൂ. അങ്ങനെ ഈ അമൻറ്മെൻറ് കൊണ്ടുവന്നതുകൊണ്ട് അൻപത്തിയാറു ലക്ഷം രൂപ കോഫി ബോർഡിൽ നിന്ന് ടാക്സ്

LIBRARY ARCHIVES Kerala Legislative Assembly

ഇനത്തിൽ കിട്ടാൻ കഴിഞ്ഞു. അങ്ങനെ സ്റ്റേറ്റിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് അടിയന്തിരമായ നടപടി എന്നുള്ള നിലയിലാണ് ഇങ്ങനെ ഒരു ഓർഡിനസ് കൊണ്ടുവരാൻ പറഞ്ഞത്. അത് ബില്ലാക്കി തരണമെന്ന് ഒരിക്കൽക്കൂടി സഭയോട് ഞാൻ അപേക്ഷിക്കുന്നു.

1986-ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

1986-ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി) ബിൽ സഭ പാസ്സാക്കി.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും ചേരുന്നതുമാണ്.

(1986 നവംബർ 20-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.32-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly